www.malankaralibrary.com

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

### പത്തനംതിട്ട രൂപത



# വി. കുർബാന

**മിശിഹായിൽ പൂർത്തീകരിക്കപ്പെട്ട രക്ഷാകര
രഹസ്യങ്ങളുടെ ആഘോഷവും
സഭാ ജീവിതത്തിന്റെ കേന്ദ്രബിന്ദുവും**

www.malankaralibrary.com

# വി. കുർബാന എങ്ങനെ ഉത്തമ ആത്മീയ അനുഭവമാക്കാം

1. നല്ല കുമ്പസാരം നടത്തി ഒരുങ്ങുക.
2. യോഗ്യതയോടെ മാത്രം വി.കുർബാനയ്ക്ക് അണയുക.
3. കഴിവുള്ളിടത്തോളം അനുദിന ബലിയർപ്പണം മുടക്കാതിരിക്കുക.
4. ഈശോയുമായുള്ള വ്യക്തിപരമായ സ്നേഹബന്ധം വളർത്തിയെടുക്കാനും ഈശോയെ കൂടുതൽ അറിയാനും സഹായകമാകുന്ന വി. ബൈബിൾ പാരായണവും പഠനവും ജീവിതശൈലിയാക്കുക.
5. എല്ലാ ദിവ്യബലിയിലും സമർപ്പിക്കാൻ നിയോഗങ്ങൾ കരുതുക, അത് എഴുതി കൈയ്യിൽ പിടിച്ച് വി. കുർബാനയിൽ സംബന്ധിക്കുന്നത് ഏറെ അനുഗ്രഹപ്രദമാണ്.
6. യാമനമസ്കാരം നടത്തി വി. ബലിയിലേക്ക് പ്രവേശിക്കുക.
7. പങ്കെടുക്കുന്ന എല്ലാ ദിവ്യബലിയിലും യോഗ്യതയോടെ ദിവകാരുണ്യം സ്വീകരിക്കാൻ നിശ്ചയിക്കുക.
8. വി. കുർബാനയെപ്പറ്റി കൂടുതൽ പഠിച്ച് അറിയാൻ പരിശ്രമിക്കുക.
9. ഓരോ കുർബാനയിലും വി.വസ്തുക്കൾ സമർപ്പിച്ച് വൈദികൻ പ്രാർത്ഥിക്കുമ്പോഴും വിശ്വാസപ്രമാണ സമയത്തും ഖണ്ഡന ശുശ്രൂഷയുടെ സമയത്തും വ്യക്തിപരമായ നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥിക്കുക.
10. തലേദിവസം വൈകുന്നേരം മുതലെങ്കിലും വി. കുർബാനയ്ക്കായി മാനസികമായി ഒരുങ്ങുക.
11. പ്രാർത്ഥനകളുടെയും അനുഷ്ടാനങ്ങളുടെയും അടയാളങ്ങളുടെയും അർത്ഥവും സൂചനകളും പഠിക്കാനും മനസ്സിലാക്കാനും പരിശ്രമിക്കുക.
12. മറ്റുള്ളവരോട് ഹൃദയപൂർവ്വം ക്ഷമിച്ച് ദിവ്യബലിക്കായി അണയുക. വെറുപ്പും വൈരാഗ്യവും വിദ്വേഷവും അകറ്റി നിർത്തുക.
13. ദേവാലയത്തിനുള്ളിലുള്ള പെരുമാറ്റം ശ്രദ്ധിക്കുക- ഉറക്കെയുള്ള അനാവശ്യ സംസാരം, നമ്മുടെ ശരീരഭാഷ എന്നിവ പ്രത്യേകം സൂക്ഷിക്കുക. ദേവാലയത്തിന്റെ പവിത്രതയ്ക്ക് കളങ്കം വരുത്താതിരിക്കുക. കർത്താവിന്റെ മഹത്വം വസിക്കുന്ന ദൈവഭവനമാണ് പള്ളി എന്ന സത്യം വിസ്മരിക്കാതിരിക്കുക.
14. സ്തോത്രകാഴ്ചകൾ സമർപ്പിക്കുന്നതിൽ നിഷ്ഠയുണ്ടാവുക.
15. അല്പസമയം നേരത്തെ വന്ന് വി. കുർബാനയ്ക്കു മുമ്പ് മൗനമായി പ്രാർത്ഥിച്ചൊരുങ്ങുക.
16. ദിവ്യബലിക്കുശേഷം കൃതജ്ഞതയർപ്പിച്ച് പ്രാർത്ഥിക്കുക.
17. വിശുദ്ധ കുർബാനയിൽ സജീവമായി സംബന്ധിക്കുകയും വിശുദ്ധ കുർബാന ക്രമം ഉപയോഗിച്ച് ഉറക്കെ പ്രാർത്ഥനകൾ ചൊല്ലുകയും ചെയ്യുക

www.malankaralibrary.com

“അവര്‍ അവനെ നിര്‍ബന്ധിച്ചുകൊണ്ടു പറഞ്ഞു: ഞങ്ങളോടു കൂടെ താമസിക്കുക. നേരം വൈകുന്നു, പകല്‍ അസ്തമിക്കാറായി.” ലൂക്കാ 24,29.

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## പത്തനംതിട്ട രൂപത



# വി. കുര്‍ബാന


## മിശിഹായില്‍ പൂര്‍ത്തീകരിക്കപ്പെട്ട രക്ഷാകര രഹസ്യങ്ങളുടെ ആഘോഷവും സഭാ ജീവിതത്തിന്റെ കേന്ദ്രബിന്ദുവും

കേരള കത്തോലിക്കാ സഭ പ്രഖ്യാപിച്ച സഭാ നവീകരണത്തിന്റെ ഭാഗമായി നടത്തപ്പെട്ട രൂപതാ തല ദിവ്യകാരുണ്യ കോണ്‍ഗ്രസിന് സഹായകമായി പത്തനംതിട്ട രൂപത പ്രസിദ്ധീകരിക്കുന്നത്.

www.malankaralibrary.com



# ആമുഖം



വി.കുർബാനയെ കേന്ദ്രീകരിച്ച് കേരള കത്തോലിക്കാ സഭ കഴിഞ്ഞ ഒരു വർഷമായി നവീകരണം ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങളിൽ ശ്രദ്ധപതിപ്പിക്കുകയായിരുന്നു. 2022 പെന്തക്കൊസ്തി മുതൽ 2025 പെന്തക്കൊസ്തി വരെയുള്ള കാലയളവ് നവീകരണത്തിനുള്ള കാലമായി പ്രഖ്യാപിച്ചതിന്റെ പശ്ചാത്തലത്തിലാണ് ഈ വർഷം വി. കുർബാന കേന്ദ്രീകൃതമായുള്ള നവീകരണത്തിന് ഊന്നൽ നല്കി വിവിധ കർമ്മ പദ്ധതികളും ശുശ്രൂഷകളും ഇടവക തലത്തിലും വൈദിക ജില്ലാ തലത്തിലും നടന്നു വന്നത്. ഈ നവീകരണ ഉദ്യമങ്ങളുടെ പൂർത്തീകരണമായാണ് 2024 ജനുവരി 26ന് മൈലപ്രാ തിരുഹൃദയ പള്ളിയിൽ രൂപതാ തലത്തിൽ ദിവ്യകാരുണ്യ കോൺഗ്രസ് ക്രമീകരിച്ചിരിക്കുന്നത്.

സെഹിയോൻ മാളികയിൽ ആരംഭിച്ച നമ്മുടെ കർത്താവിന്റെ ബലി പൂർത്തിയാകുന്നത് ഗാഗുൽത്തായിലെ കുരിശിലാണ്. ഈ കുരിശിന്റെ ചുവട്ടിലാണ് തിരുസഭയുടെ ആദ്യ കൂട്ടായ്മ നാം കാണുന്നത്. ഈശോയുടെ ഹൃദയത്തിലെ മുറിവുകളാണ് സഭയുടെ ഊർജ്ജം. അന്ന് മുതൽ ഇന്നോളം മുറിയപ്പെടുന്ന നിരവധി അനുഭവങ്ങളിലൂടെയാണ് സഭ മുന്നേറുന്നത്. മുറിവുകൾ വിശ്വാസിയുടെ അവകാശമാണ്. എന്നാൽ ഈ മുറിവുകൾ തിരുമുറിവുകളാക്കി രൂപാന്തരപ്പെടുത്തുമ്പോഴാണ് അത് നമ്മുടെ ആത്മീയ ജീവിതത്തെ സഹായിക്കുന്നതായി മാറുന്നത്. കർത്താവിന്റെ ബലിയോട് ചേർത്ത് അനുദിന ജീവിതത്തിലെ മുറിവുകൾ കൂടി സമർപ്പിക്കുമ്പോഴാണ് ഈ ഹൃദ്യമായ ആത്മീയ അനുഭവം സ്വായത്തമാക്കാൻ നമുക്ക് കഴിയുന്നത്. മുറിവുകളാണ് സഭയെ നിരന്തരം നവീകരിക്കുന്നത്.

ഈ പശ്ചാത്തലത്തിലാണ് വി.കുർബാന നമ്മുടെ ആത്മീയ ജീവിതത്തിലെ ഏറ്റവും മഹത്തായ ആഘോഷമായി മാറുന്നത്. ഞായറാഴ്ച കടമ എന്ന നിലയിൽ നിന്ന് എല്ലാ ദിവസവും ഈശോയെ കാണാനും ഉൾക്കൊള്ളാനുമുള്ള ആഗ്രഹവും സ്നേഹവും നമ്മുടെ ഉള്ളിൽ വളരുമ്പോളാണ് ഇത്തരം നവീകരണ ഉദ്യമങ്ങൾ സഫലമാകുന്നത്. കത്തോലിക്കാ സംസ്കാരത്തിന്റെ അനന്യത വി.കുർബാന കേന്ദ്രീകൃതമായ ആധ്യാത്മികതയാണ്. അനുദിന ജീവിതത്തിന്റെ വ്യത്യസ്ത അനുഭവങ്ങളിൽ നമുക്ക് മുന്നോട്ട് കുതിക്കാൻ ഊർജ്ജം തരുന്നത് വി.കുർബാനയിൽ നാം കണ്ടുമുട്ടുന്ന ഈശോമിശിഹായാണ്. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരോടൊപ്പം യാത്ര ചെയ്ത ഈശോയുടെ സാന്നിധ്യം അവർക്ക് എന്തെന്നില്ലാത്ത പ്രത്യാശ പ്രദാനം ചെയ്തു. പകൽ അസ്തമിച്ച് രാത്രിയുടെ തണുപ്പും ഇരുട്ടും അവരെ ഭയപ്പെടുത്താൻ തുടങ്ങിയപ്പോൾ അവർ കർത്താവിനോട്

www.malankaralibrary.com



പറഞ്ഞു: ''ഞങ്ങളോടു കൂടെ താമസിക്കുക. നേരം വൈകുന്നു, പകൽ അസ്തമിക്കാറായി'' ലൂക്കാ 24,29. വി.കുർബാനയിൽ സന്നിഹിതനാകുന്ന ഈശോ നമ്മോടു കൂടെ വസിക്കുന്ന ദൈവമാണ്. വി. കുർബാനയുടെ മഹത്വം തിരിച്ചറിഞ്ഞ് ഈ ദൈവിക ദാനത്തെ സ്വന്തമാക്കാൻ ഇത്തരം ആചരണങ്ങൾ നമ്മെ സഹായിക്കും. അനുദിന വി.ബലിയർപ്പണങ്ങൾ അർത്ഥപൂർണ്ണമാക്കാനും വി.കുർബാനയെപ്പറ്റി ആവശ്യമാകുന്ന അറിവ് നേടാനും സഹായിക്കുന്ന വിധത്തിലാണ് ഈ ലഘു പുസ്തകം പ്രസിദ്ധീകരിക്കുന്നത്. പഴയ നിയമത്തിലും പുതിയ നിയമത്തിലും തിരുസഭയുടെ വി. പാരമ്പര്യത്തിലും വി.കുർബാനയെപ്പറ്റി പഠിപ്പിക്കുന്ന കാര്യങ്ങൾ, വി. കുർബാനയുടെ ദൈവശാസ്ത്ര അടിസ്ഥാനങ്ങൾ, മലങ്കര കുർബാനയുടെ അർത്ഥ തലങ്ങൾ, ചില പ്രായോഗിക നിർദ്ദേശങ്ങൾ ഇങ്ങനെ നാം അടിസ്ഥാനപരമായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ സംക്ഷിപ്തമായി ഈ ലഘു പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ ഗ്രന്ഥം തയ്യാറാക്കിയ റവ.ഫാ.ജോയൽ പൗവ്വത്തിന് ഹൃദയപൂർവ്വം നന്ദിയും അഭിനന്ദനവും അറിയിക്കുന്നു.

നമ്മുടെ രൂപതയിൽ ദിവ്യകാരുണ്യ വർഷാചരണം അനുഗ്രഹപ്രദമാക്കുന്നതിന് മുൻകൈയെടുത്ത രൂപതയുടെ വികാരി ജനറൽ വന്ദ്യ വർഗീസ് മാത്യു കാലായിൽ വടക്കേതിൽ അച്ചനോടും ഈ ശുശ്രൂഷകൾക്ക് പ്രത്യേക നേതൃത്വം നല്കിയ മൈനർ സെമിനാരി റെക്ടർ വെരി. റവ. ഡോ. സിജോ ജെയിംസ് ചരിവുപറമ്പിൽ അച്ചനോടും, അച്ചനോട് ചേർന്നു പ്രവർത്തിച്ച ബഹു. അച്ചന്മാരും സിസ്റ്റേഴ്സും അല്മായ സഹോദരങ്ങളുമടങ്ങിയ റിസോഴ്സ് ടീമിനോടും പ്രത്യേകം ഈ അവസരത്തിൽ ഞാൻ നന്ദി പറയുന്നു. അതോടൊപ്പം ഈ ശുശ്രൂഷകളിൽ സർവ്വാത്മനാ സഹകാരികളായ ഓരോരുത്തരോടുമുള്ള സ്നേഹാദരവുകൾ അറിയിക്കുന്നു. നമ്മുടെ രൂപതയിൽ ദൈവാരാധന കൂടുതൽ സജീവമാകുവാനും ദൈവത്തിന്റെ ഈ വലിയ ദാനം തിരിച്ചറിഞ്ഞ് സ്വർഗ്ഗസൗഭാഗ്യത്തിന്റെ മുന്നാസ്വാദനമെന്ന നിലയിൽ പരി.കുർബാനയിൽ സംബന്ധിച്ച് ദൈവകൃപകൾ സ്വീകരിക്കുന്നതിനും ഈ ദിവ്യകാരുണ്യ വർഷാചരണവും ദിവ്യകാരുണ്യ കോൺഗ്രസും സഹായകമാകട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

ക്രിസ്തുവിൽ സ്നേഹപൂർവ്വം,

**ഡോ. സാമുവേൽ മാർ ഐറേനിയോസ്**

**പത്തനംതിട്ട രൂപതാധ്യക്ഷൻ**

www.malankaralibrary.com



## വി. കുർബാന
## മിശിഹായിൽ പൂർത്തീകരിക്കപ്പെട്ട രക്ഷാകര രഹസ്യങ്ങളുടെ ആഘോഷവും സഭാ ജീവിതത്തിന്റെ കേന്ദ്രബിന്ദുവും

പരിശുദ്ധ കുർബാനയെപ്പറ്റിയുള്ള വി.ഗ്രന്ഥ പ്രബോധനമാണ് ഈ ഭാഗത്ത് വിവരിക്കുന്നത്. വിശുദ്ധ കുർബാന എന്താണെന്ന് അറിയാൻ ആഗ്രഹിക്കുമ്പോൾ വിശുദ്ധ ബൈബിളിൽ വി.കുർബാനയെക്കുറിച്ച് എന്തു പറയുന്നു എന്ന് ആദ്യം മനസ്സിലാക്കാം.

### 1. വി.കുർബാനയെ സൂചിപ്പിക്കുന്ന പഴയനിയമ പ്രതീകങ്ങൾ

ഈശോയിൽ വെളിപ്പെട്ട സ്വർഗ്ഗീയരഹസ്യങ്ങളുടെ ദൈവശാസ്ത്രപരമായ ആഖ്യാനം നാം കണ്ടെത്തുന്നത് വിശുദ്ധ ഗ്രന്ഥത്തിലാണ്. പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന 15 പ്രധാനപ്പെട്ട പ്രതീകങ്ങൾ വിശുദ്ധ കുർബാനയുടെ സൂചനകളാണ്. ആ പ്രതീകങ്ങളെ അല്പമായി മനസ്സിലാക്കാനും വി.കുർബാനയുമായി അവയ്ക്കുള്ള ബന്ധം പരിശോധിക്കാനുമാണ് ആദ്യ ഭാഗത്ത് ഉദ്യമിക്കുന്നത്. രണ്ടാം ഭാഗം പുതിയ നിയമത്തിൽ നിന്നുള്ള സൂചനകളാണ് പ്രതിപാദിക്കുന്നത്.

### 1. 1. ആബേലിന്റെ ബലിയും രക്തവും

മലങ്കര ക്രമത്തിൽ വി. കുർബാനയുടെ പ്രാരംഭ ഗീതത്തിൽ പരാമർശിക്കുന്ന കഥാപാത്രമാണ് ആദത്തിന്റെ പുത്രനായ ആബേൽ. ദൈവത്തിന് പ്രീതികരമായ ബലിയാണ് ആട്ടിടയനായ ആബേൽ അർപ്പിച്ചത്. ആബേലിലും അവന്റെ ബലിയിലും ദൈവം സംപ്രീതനായി. കായേന്റെ ബലിയെ നിരസിച്ചു (ഉല്പത്തി 4, 4-5). വിശുദ്ധ കുർബാനയും ദൈവം സ്വീകരിച്ച ബലിയാണ്. കളങ്കമില്ലാത്ത കുഞ്ഞാടായ യേശുക്രിസ്തുവാണ് ഇവിടെ അർപ്പിക്കപ്പെട്ട ബലിവസ്തു. ആബേലിന്റെ രക്തം ഇസ്രായേലിന്റെ പാപത്തെ സൂചിപ്പിക്കുന്നു. സ്വന്തം സഹോദരനാലാണ് അവൻ കൊല്ലപ്പെട്ടത്. നല്ല ഇടയനായ യേശുവും മാനവരാശിയുടെ മുഴുവൻ പാപത്തിന് പരിഹാരമായി സ്വന്തം ജനത്താൽ ബലിക്കായി എല്പിച്ചുകൊടുക്കപ്പെട്ടു. യേശു അർപ്പിച്ച ബലി പിതാവ് സ്വീകരിച്ചു. ഹെബ്രായർ 12,24 ൽ വി. ഗ്രന്ഥകാരൻ ആബേലിന്റെയും യേശുവിന്റെയും രക്തത്തെ താരതമ്യം ചെയ്തു പറയുന്നത് ശ്രദ്ധേയമാണ്. "പുതിയ ഉടമ്പടിയുടെ മധ്യസ്ഥനായ യേശുവിന്റെ സവിധത്തിലേക്കും ആബേലിന്റെ രക്തത്തേക്കാൾ ശ്രേഷ്ഠമായവ വാഗ്ദാനം ചെയ്യുന്ന തളിക്കപ്പെട്ട രക്തത്തിലേക്കുമാണ് നിങ്ങൾ വന്നിരിക്കുന്നത്." മഹാനായ വിശുദ്ധ ഗ്രിഗറി ആബേലിന്റെയും യേശുവിന്റെയും രക്തത്തെ താരതമ്യം ചെയ്ത് പറയുന്നു "ആബേലിന്റെ രക്തത്തേക്കാൾ ഉദാത്തവും വാചാലവുമായാണ് ക്രിസ്തുവിന്റെ രക്തം നിലവിളിക്കുന്നത്. കാരണം ആബേലിന്റെ രക്തം കൊലപാതകിയായ സഹോദരനെതിരെ നീതിക്കായാണ് നിലവിളിച്ചതെങ്കിൽ ക്രിസ്തുവിന്റെ രക്തം സ്വന്തം ഘാതകർക്കും പീഡിപ്പിച്ചവർക്കും വേണ്ടി കരുണയ്ക്കായാണ് നിലവിളിക്കുന്നത്."

www.malankaralibrary.com


**1.2. മൽക്കിസദേക്കിന്റെ അപ്പവും വീഞ്ഞും**

മലങ്കര ആരാധനക്രമപ്രകാരം വി. കുർബാനയുടെ ഒരുക്ക ശുശ്രൂഷയുടെ ആദ്യഭാഗത്തെ വിളിക്കുന്നത് മൽക്കിസദേക്കിന്റെ ക്രമം എന്നാണ്. വി. കുർബാനയുടെ പ്രാരംഭ ഗീതത്തിൽ ആ പേര് പരാമർശിക്കപ്പെടുന്നുമുണ്ട്.

“മൽക്കിസദേക്കിൻ കാഴ്ച പോലെ ബലിയിത് സ്വീകൃതമാകേണമെ...” ആരാണ് മൽക്കിസദേക്ക് ? മൽക്കിസദേക്ക് സാലേമിലെ രാജാവായിരുന്നു. ലോത്തിനെ രക്ഷിച്ച് യുദ്ധം ജയിച്ചു വന്ന അബ്രഹാത്തിനെ അപ്പവും വീഞ്ഞും കൊണ്ട് മൽക്കിസദേക്ക് എതിരേറ്റ് ആശീർവദിക്കുന്നു. “അവൻ അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്നു. അവനു പിതാവോ മാതാവോ ഇല്ല. അവന്റെ ദിവസങ്ങൾക്ക് ആരംഭമോ ആയുസ്സിന് അവസാനമോ ഇല്ല. ദൈവപുത്രന് സദൃശ്യനായ അവൻ എന്നേക്കും പുരോഹിതനാണ്.” ഹെബ്രായർ 7,3. ഹെബ്രായ ലേഖനത്തിന്റെ തുടർന്നുള്ള ഭാഗത്ത് മൽക്കിസദേക്കിന്റെ പൗരോഹിത്യം ലേവ്യ പൗരോഹിത്യത്തിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നും അദ്ദേഹം എങ്ങനെ യേശുവിന്റെ മുൻരൂപമായെന്നും വ്യക്തമാക്കുന്നു. ഇവിടെ മൽക്കിസദേക്ക് സമർപ്പിച്ച അപ്പവും വീഞ്ഞുമല്ല മറിച്ച് മൽക്കിസദേക്ക് എന്ന വ്യക്തിയാണ് പ്രാധാന്യമർഹിക്കുന്നത്. മൽക്കിസദേക്ക് യേശുക്രിസ്തുവിന്റെ മുൻരൂപമാണ്. (വി. കുർബാനയുടെ അടയാളങ്ങൾ വിശദീകരിക്കുന്ന ഭാഗത്ത് ഇത് അല്പം കൂടി വിവരിച്ച് നല്കിയിട്ടുണ്ട്.)

**1.3. അബ്രാഹത്തിന്റെ ബലി** (ഉൽപത്തി 22, 11-14)

അബ്രാഹത്തിന്റെ ബലിയും യേശുവിന്റെ കുരിശിലെ ബലിയും തമ്മിൽ സാമ്യമുണ്ട്. അത് യേശുവും ഇസഹാക്കും തമ്മിലുള്ള സാമ്യമല്ല മറിച്ച് അബ്രാഹത്തിന്റെ ബലിയും യേശുവിന്റെ ബലിയും തമ്മിലുള്ള സാമ്യമാണ്. ദൈവം തന്റെ ഏകജാതനെയാണ് കുരിശിൽ തറയ്ക്കാനായി വിട്ടുകൊടുത്തത്. അബ്രഹാമും തന്റെ ഏകജാതനെ ബലിയർപ്പിക്കാനായി മോറിയ മലയിൽ കൊണ്ടുവന്നു.

അബ്രാഹത്തിന്റെ ബലിക്കൊടുവിൽ ബലിയർപ്പിക്കപ്പെടേണ്ടിയിരുന്ന ഇസഹാക്കിനെ അബ്രാഹത്തിന് തിരികെ ലഭിക്കുന്നു. അതേപോലെ മൂന്നാം ദിവസം പുനരുത്ഥാനം ചെയ്യുന്ന യേശു മരണത്തെ അതിജീവിച്ച് തിരികെ വരുന്നു.

**1.4. പാറയിൽ നിന്ന് പുറപ്പെട്ട ജലം**

പഞ്ചഗ്രന്ഥിയിൽ രണ്ട് സ്ഥലങ്ങളിലായി പാറയിൽ നിന്ന് ജലം പുറപ്പെടുന്നതിനെ കുറിച്ചുള്ള സൂചനകൾ ഉണ്ട് (പുറ 17, 1-6; സംഖ്യ 20, 1-11). ക്രിസ്തീയ പാരമ്പര്യത്തിൽ ഈ അത്ഭുതങ്ങളെ വിശുദ്ധ കുർബാനയുടെ മുൻ രൂപങ്ങളായാണ് കാണുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ യേശു മിശിഹാ പറയുന്നു “എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് വിശുദ്ധ ലിഖിതം പ്രസ്താവിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും.” യോഹന്നാൻ 19, 34ൽ യേശുവിന്റെ തുളയ്ക്കപ്പെട്ട

www.malankaralibrary.com


പാർശ്വത്തിൽ നിന്ന് രക്തവും വെള്ളവും ഒഴുകുന്നു. പിതാക്കന്മാർ ഇതിനെ കൂദാശകളുടെ സൂചനയായി വ്യാഖ്യാനിക്കുന്നു.

**1.5. മരുഭൂമിയിൽ നൽകപ്പെട്ട പാഥേയം**

മരുഭൂയാത്ര ക്ലേശകരമായപ്പോൾ പരാതി ഉയർത്തിയ ജനത്തിന് ദൈവം നല്കുന്ന ആശ്വാസമാണ് മന്നായും കാടപക്ഷിയും. ഇത് കേവലം ശാരീരിക വിശപ്പ് ശമിപ്പിക്കാനുള്ള വഴി മാത്രമായിരുന്നില്ല പിന്നെയോ ദൈവത്തിന് തങ്ങളെക്കുറിച്ച് ചിന്തയുണ്ടെന്നും ദൈവം വഴി നടത്തുമെന്നുമുള്ളതിന്റെ പ്രത്യക്ഷ അടയാളമായിരുന്നു. സഭാപിതാക്കന്മാരിൽ വി. അംബ്രോസ് മന്നയെ വി കുർബാനയുടെ പ്രതീകമായി വ്യാഖ്യാനിക്കുന്നത് ശ്രദ്ധേയമാണ്: 'മന്നാ എന്ന മഹാ വിസ്മയത്തിലൂടെ സ്വർഗ്ഗം ഇസ്രായേൽ ജനതയെ അനുദിനം പരിപോഷിപ്പിച്ചു. സങ്കീർത്തകൻ പ്രഘോഷിച്ചതുപോലെ മനുഷ്യർ മാലാഖമാരുടെ അപ്പം ഭക്ഷിച്ചു( സങ്കീ 78,25). മരുഭൂമിയിൽ മന്ന ഭക്ഷിച്ചവർ മരിച്ചു. പക്ഷേ നാം സ്വീകരിക്കുന്ന ഈ പുതിയ ആത്മീയ ഭക്ഷണം നിത്യജീവന്റെ ഉറവിടമാണ് നമുക്ക് പ്രദാനം ചെയ്യുന്നത്. പ്രകാശം നിഴലിനേക്കാൾ മഹത്തരമായിരിക്കുന്നതുപോലെ സ്രഷ്ടാവിന്റെ ശരീരം സ്വർഗ്ഗീയ മന്നയെക്കാൾ ശ്രേഷ്ഠമായിരിക്കുന്നു.' യഹൂദ പാരമ്പര്യങ്ങളും റബീനിക് പ്രബോധനങ്ങളും പഠിപ്പിച്ചിരുന്നത് മിശിഹായുടെ ഭരണത്തിൽ മന്ന വീണ്ടും വർഷിക്കപ്പെടും എന്നായിരുന്നു. 'ആദ്യ വിമോചകൻ ആകാശത്തുനിന്ന് മന്ന വർഷിച്ചതുപോലെ രണ്ടാമത്തെ വിമോചകനും (മിശിഹാ) മന്ന വർഷിക്കാൻ കാരണമാകും.' അപ്പം വർദ്ധിപ്പിക്കുന്ന അടയാളങ്ങളിലൂടെയും ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രബോധനങ്ങളിലൂടെയും യേശു പ്രഘോഷിച്ചത് തലമുറകളുടെ ഈ പ്രതീക്ഷ തന്നിൽ പൂർത്തിയായി എന്നാണ്.

**1.6. സമാധാനബലി ( ലേവ്യ 3,1-17; 7,11-21; 7,28, 34 )**

ദൈവവുമായി യഥാർത്ഥ അനുരഞ്ജനത്തിലേക്കും തൽഫലമായ സമാധാനത്തിലേക്കും പ്രവേശിക്കുന്നതിനോ കർത്താവിന്റെ അനുഗ്രഹങ്ങൾക്ക് ഉപകാരസ്മരണയായോ അർപ്പിക്കാൻ നിഷ്കർഷിച്ച ബലിയായിരുന്നു സമാധാനബലി. പാപങ്ങളുടെ മോചനം, ദൈവപ്രീതി, അനുരഞ്ജനം എന്നീ മൂന്ന് കൃപകളാണ് സമാധാന ബലിയുടെ സമഗ്രമായ ഫലങ്ങളായി പഴയനിയമം വിവരിക്കുന്നത്.

നിയമാവർത്തനം 12, 6; 7, 17- 18 - ബലിയർപ്പകനും കുടുംബാംഗങ്ങളും ബലിവസ്തു ദേവാലയത്തിൽ വച്ചുതന്നെ ഭക്ഷിക്കണം.

- വിശുദ്ധ കുർബാനയും ബലവസ്തുവിനെ ഭക്ഷിക്കുന്നതിനുള്ള ക്ഷണമാണ് നൽകുന്നത്. കർത്താവിന്റെ ഭവനത്തിൽ പുരോഹിതനും ബലിയർപ്പകനും ഒരുമിച്ച് ഭക്ഷിക്കുന്ന വിരുന്നാണത്. പഴയ നിയമത്തിലെ ബലികളെല്ലാം ക്രിസ്തു അർപ്പിച്ച പരമമായ ആത്മബലിയുടെ നിഴലുകളായിരുന്നു. സമാധാന ബലിയും അങ്ങനെ

www.malankaralibrary.com


തന്നെ.ഇതിലൂടെ ലക്ഷ്യമാക്കിയ ദൈവവുമായുള്ള അനുരഞ്ജനവും തൽഫലമായ സമാധാനവും ശാശ്വതമായി മനുഷ്യവംശത്തിന് സംലഭ്യമായത് ക്രിസ്തുവിന്റെ ആത്മയാഗത്തിലൂടെ ആയതിനാൽ സമാധാനബലിയെ വിശുദ്ധ കുർബാനയുടെ പഴയ നിയമ പ്രതീകമായി വ്യാഖ്യാനിക്കാം.

**1.7. എസക്കിയേൽ ഭക്ഷിച്ച ചുരുൾ (എസെ 3,2-3)**

'മനുഷ്യപുത്രാ നീ കാണുന്ന ചുരുൾ ഭക്ഷിക്കുക; എന്നിട്ട് പോയി ഇസ്രായേൽ ഭവനത്തോട് സംസാരിക്കുക'. വിശുദ്ധ കുർബാനയിൽ നാം ആചരിക്കുന്ന വചനത്തിന്റെയും അപ്പത്തിന്റെയും മേശകളെ പ്രതീകാത്മകമായി ഈ ഭാഗം അവതരിപ്പിക്കുന്നു. വിശുദ്ധ കുർബാനയിൽ നാം ആദ്യം ഭക്ഷിക്കുന്നത് വചനത്തിന്റെ മേശയിൽനിന്നാണല്ലോ. സുവിശേഷ പ്രസംഗവും വചനത്തിന്റെ വിരുന്നായി വേണം മനസ്സിലാക്കാൻ. തുടർന്ന് അപ്പത്തിന്റെ മേശയിൽ നിന്ന് യേശുവിന്റെ ശരീരവും, രക്തവും ഭക്ഷിക്കുന്നു. ഈ രണ്ട് വിരുന്നുകളുടെയും മുന്നാസ്വാദനമായി പ്രവാചകന് ഭക്ഷിക്കാൻ ചുരുൾ നൽകുന്ന വിവരണത്തെ വ്യാഖ്യാനിക്കാം.

**1.8. ഏലിയാ ഭക്ഷിച്ച അപ്പം ( 1 രാജാ 19, 1-8)**

ഏലിയ മരുഭൂമിയിൽ ഭക്ഷിച്ച അപ്പം എങ്ങനെയാണ് വിശുദ്ധ കുർബാനയുടെ പ്രതീകമായി വ്യാഖ്യാനിക്കുന്നത്? ഒന്നാമതായി, ഏലിയായുടെ അപ്പത്തിന്റെ അതിഭൗമികതയാണ്. കർത്താവിന്റെ ദൂതനാണ് ഏലിയായ്ക്ക് ഈ അപ്പം നൽകിയിട്ട് എഴുന്നേറ്റ് ഭക്ഷിക്കാൻ ആവശ്യപ്പെട്ടത്. യോഹന്നാന്റെ സുവിശേഷം 6,48-51 വാക്യങ്ങളിൽ യേശു ആവർത്തിച്ച് പറയുന്നതായി കാണുന്നു: ഇത് മനുഷ്യൻ ഭക്ഷിക്കുന്നതിനു വേണ്ടി സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ അപ്പമാണ്. അപ്പോൾ വിശുദ്ധ കുർബാനയുടെ അതിഭൗമികതയുടെ മുന്നാസ്വാദനവും പ്രതീകാത്മക അവതരണവുമായി ഏലിയ ഭക്ഷിച്ച അപ്പത്തെ വ്യാഖ്യാനിക്കാം.

രണ്ടാമതായി, അപ്പത്തിന്റെ അനിതരമായ ശക്തി വിശേഷമാണ്. 40 ദിനരാത്രങ്ങൾ സഞ്ചരിക്കാൻ തക്ക ശക്തി സാധാരണ അപ്പത്തിന് നല്കാൻ ആവില്ലല്ലോ. ഏലിയായുടെ അപ്പത്തിന്റെ അതിസാധാരണമായ ശക്തി വിശുദ്ധ കുർബാനയുടെ രക്ഷാകര കൃപയുടെ മുന്നാസ്വാദനമായി വ്യാഖ്യാനിക്കാം.

മൂന്നാമതായി, ഏലിയാ ഭക്ഷിച്ച അപ്പം ദൈവത്തിന്റെ മലയിലേക്കുള്ള തീർത്ഥാടനത്തിൽ ശക്തി നൽകിയ പാഥേയം ആയിരുന്നു. വിശുദ്ധ കുർബാനയും സ്വർഗീയ ജെറുസലേം ലക്ഷ്യമാക്കി തീർത്ഥാടനം നടത്തുന്ന ദൈവജനം വഴിയിൽ തളർന്നു വീഴാതിരിക്കാൻ ദൈവം നൽകുന്ന ആത്മീയ ഭക്ഷണമാണല്ലോ.

**1.9. പുളിപ്പില്ലാത്ത അപ്പവും വീഞ്ഞും ( പുറ 12,15-20)**

പുളിപ്പില്ലാത്ത അപ്പം രണ്ട് പ്രതീകാത്മകതകൾ ഉൾക്കൊണ്ടിരുന്നു. ഒന്നാമതായി, അത് വിമോചനത്തിന്റെ ഓർമ്മയായിരുന്നു.

www.malankaralibrary.com


രണ്ടാമതായി, അത് ദൈവത്തിന്റെ പരിശുദ്ധിയിൽ പങ്കുചേരാൻ അശുദ്ധിയാകുന്ന പുളിപ്പ് കുഞ്ഞാടിന്റെ രക്തത്തിലൂടെ കഴുകി കളഞ്ഞ നിർമലരായ ജനത്തിന്റെ സൂചനയായിരുന്നു. ഈ രണ്ട് പ്രതികാതത്മകതകളും പുളിപ്പില്ലാത്ത അപ്പത്തെ വിശുദ്ധ കുർബാനയുടെ പ്രതിരൂപമായി വ്യാഖ്യാനിക്കുന്നതിനെ സാധൂകരിക്കുന്നുണ്ട്. വിശുദ്ധ കുർബാനയും വിമോചനത്തിന്റെ ഓർമ്മയും അടയാളവും ആണ്; ഒപ്പം പുതിയ പുറപ്പാട് ജനതയ്ക്കുള്ള ആത്മീയ പരിപോഷണത്തിന്റെ ആഹാരവുമാണ്. രണ്ടാമത്,പുളിമാവ് അശുദ്ധിയെ പ്രതിനിധീകരിക്കുന്നു. പുളിപ്പില്ലാത്ത അപ്പം നിർമ്മലീകരിക്കപ്പെട്ട ദൈവജനത്തെയും. ഈ അർത്ഥത്തിൽ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നവരുടെ പവിത്രമനസ്സാക്ഷിയെയും കുർബാനയിലൂടെ സംഭവിക്കുന്ന വിശുദ്ധീകരണത്തെയും പ്രതീകാത്മകമായി ഇത് സൂചിപ്പിക്കുന്നുണ്ട്.

**1.10. ഏശയ്യായുടെ നാവിനെ സ്പർശിച്ച തീക്കനൽ ( ഏശ 6, 6-7)**

മലങ്കര ആരാധനയിൽ പല സ്ഥലങ്ങളിലും ഏശയ്യാ പ്രവാചകനുണ്ടായ ദൈവ ദർശനം അനുസ്മരിക്കുന്നുണ്ട് (ഉദാ : സ്രാപ്പികളെ കണ്ടേശായാ, അഗ്നിമയന്മാർ). ''അപ്പോൾ സെറാഫുകളിലൊന്ന് ബലിപീഠത്തിൽ നിന്ന് കൊടിൽകൊണ്ട് എടുത്ത ഒരു തീക്കനലും ആയി പറന്നുവന്നു; അവൻ എന്റെ അധരങ്ങളെ സ്പർശിച്ചിട്ട് പറഞ്ഞു: ഇത് നിന്റെ അധരങ്ങളെ സ്പർശിച്ചിരിക്കുന്നു; നിന്റെ മാലിന്യം നീക്കപ്പെട്ടു: നിന്റെ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു''(ഏശ 6,6-7). വി. കുർബാനയുടെ പ്രതീകങ്ങളിൽ ഒന്നായി സഭാപിതാക്കന്മാർ വ്യാഖ്യാനിച്ചവയിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു ഏശയ്യായുടെ നാവിനെ സ്പർശിച്ച തീക്കനൽ. നമ്മുടെ ആരാധനക്രമ പാരമ്പര്യത്തിൽ വിശുദ്ധ കുർബാനയെ വിശേഷിപ്പിക്കുന്നത് തന്നെ ജ്വലിക്കുന്ന തീക്കനൽ എന്നാണ്. വി.കുർബാന സ്വീകരണാവസരത്തിലെ പ്രാർത്ഥനയിൽ *തീക്കട്ട* എന്നാണ് വി.കുർബാനയെ വിശേഷി ഷിക്കുന്നത്.

വിശുദ്ധ ജോൺ ക്രിസോസ്റ്റത്തിന്റെ ആരാധനക്രമ പാരമ്പര്യത്തിൽ വിശുദ്ധ കുർബാന നൽകുമ്പോൾ പുരോഹിതർ പറഞ്ഞിരുന്നത് 'ഇത് നിന്റെ അധരത്തെ സ്പർശിച്ചിരിക്കുന്നു നിന്റെ അകൃത്യങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു' എന്നായിരുന്നു.

**1. 11. കർത്താവിന്റെ മലയിലെ വിരുന്ന് ( ഏശ 25, 6-8)**

കർത്താവ് രക്ഷയുമായി വരുന്ന യുഗാന്ത്യോന്മുഖ കാലത്തിന്റെ പ്രധാന സവിശേഷതകളിൽ ഒന്നായിട്ടാണ് ഏശയ്യാ കർത്താവിന്റെ പർവ്വതത്തിൽ നടക്കാനിരിക്കുന്ന സകല ജനങ്ങൾക്ക് വേണ്ടിയുള്ള വിരുന്നിനെ പറ്റി പ്രവചിക്കുന്നത്. ഈ പർവ്വതത്തിൽ സർവ്വജനതകൾക്കും വേണ്ടി സൈന്യങ്ങളുടെ കർത്താവ് ഒരു വിരുന്ന് ഒരുക്കും സർവ്വ ജനതകളെയും മറച്ചിരുന്ന ആവരണം ജനതകളുടെ മേലുള്ള മൂടുപടം അവിടുന്ന് നീക്കി കളയും, അവിടുന്ന് മരണത്തെ എന്നേക്കുമായി ഗ്രസിക്കും.

അന്ത്യത്താഴ മേശയിൽ യേശു പാനപാത്രം എടുത്ത് പറയുന്നത് 'ഇത് അനേകർക്ക് വേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്''(മർക്കോ

www.malankaralibrary.com


14,25) എന്നാണ്. അതിനാൽ ഏശയ്യായുടെ യുഗാന്ത്യോന്മുഖ വിരുന്നിനെ കുറിച്ചുള്ള പ്രവചനം അന്ത്യത്താഴമേശയിലെ യേശുവിന്റെ വാക്കുകളിൽ പൂർണ്ണത നേടുന്നു. സകല ജനപദങ്ങൾക്കും വേണ്ടി ദൈവം ഒരുക്കിയ രക്ഷയുടെ വിരുന്നായ വിശുദ്ധ കുർബാനയുടെ പ്രതീകാത്മക പ്രവചനമായി ഏശയ്യായുടെ യുഗാന്ത്യോന്മുഖ വിരുന്നിനെ മനസിലാക്കാം.

**1.12. മലാഖിയുടെ പ്രവചനം**

'സൂര്യോദയം മുതൽ അസ്തമയം വരെ എന്റെ നാമം ജനതകളുടെയിടയിൽ മഹത്വപൂർണമാണ്. എല്ലായിടത്തും എന്റെ നാമത്തിന് ധൂപവും ശുദ്ധമായ കാഴ്ചയും അർപ്പിക്കപ്പെടുന്നു. എന്തെന്നാൽ, ജനതകളുടെ ഇടയിൽ എന്റെ നാമം ഉന്നതമാണ്-സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു' മലാഖി 1,11.

സൂര്യൻ ഉദിക്കുന്നത് മുതൽ അസ്തമയം വരെ എല്ലായിടത്തും അർപ്പിക്കുന്ന ശുദ്ധമായ വഴിപാടിന്റെ പ്രവചനമാണിത്. അങ്ങനെ, ലോകമെമ്പാടുമുള്ള പല സ്ഥലങ്ങളിലും ഒരു യാഗം ഉണ്ടായിരിക്കും എന്നാണ് മലാഖി പ്രവചിക്കുന്നത്. ഈ പ്രവചനം പൂർത്തീകരിക്കുന്നത് ലോകമെമ്പാടുമുള്ള കത്തോലിക്കാ സഭയിൽ മാത്രമാണ്. തിരുസഭയിൽ സമയത്തിനും സ്ഥലത്തിനും അതീതമായ ക്രിസ്തുവിന്റെ ബലി നമ്മുടെ രക്ഷയ്ക്കായി നിരന്തരം അർപ്പിക്കുന്നു. ഈ പ്രവചനം കത്തോലിക്കാ സഭയിലൂടെ നിറവേറുന്നില്ലെങ്കിൽ മലാഖി ഒരു വ്യാജ പ്രവാചകനാണ്.

**1.13. പെസഹാ കുഞ്ഞാടും ഉടമ്പടിയുടെ രക്തവും**

പെസഹാ കുഞ്ഞാടിന്റെ ഫലദായകത്വമാണ് വിശുദ്ധ കുർബാനയുടെ പ്രതീകമായി അതിനെ വ്യാഖ്യാനിക്കുന്നതിലെ പ്രഥമ കാരണം. അതായത്, കുഞ്ഞാടിനെ ബലിയർപ്പിച്ച ഭക്ഷണത്തിലൂടെയാണ് ഇസ്രായേൽ ജനത്തിലെ ആദ്യജാതർ ജീവനുള്ളവരായി അവശേഷിച്ചത് (പുറ 12, 8-11) പുതിയ നിയമത്തിൽ പെസഹാ കുഞ്ഞാടായ ക്രിസ്തു (യോഹ 1,29; 1 കോറി5,7) ആവശ്യപ്പെടുന്നതും 'വാങ്ങി ഭക്ഷിക്കുവിൻ' ( മത്താ 26, 26 ) എന്നത്രേ. അവനെ ഭക്ഷിക്കുന്നതിന്റെ അനന്തരഫലം നിത്യജീവനാണ് (യോഹ 6,54 )

പുറപ്പാട് പുസ്തകം 24, 8 ൽ പെസഹ കുഞ്ഞാടിന്റെ രക്തം ഇസ്രായേൽ ജനത്തിന്മേൽ തളിച്ചുകൊണ്ട് മോശ പറയുന്നു 'കർത്താവ് നിങ്ങളോട് ചെയ്ത ഉടമ്പടിയുടെ രക്തമാകുന്നു ഇത്''. പുതിയ നിയമത്തിൽ യേശു പാനപാത്രം എടുത്ത് വാഴ്ത്തി ശിഷ്യർക്ക് നൽകിക്കൊണ്ട് പറയുന്നു. 'ഇത് നിങ്ങൾക്ക് വേണ്ടി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയിലെ എന്റെ രക്തമാണ് '( മത്താ 26,28). ഹെബ്രായ ലേഖനം 9,14 - 23 വാക്യങ്ങളിൽ രണ്ട് ഉടമ്പടിയുടെ രക്തത്തെയും താരതമ്യം ചെയ്യുന്നത് ശ്രദ്ധേയമാണ്.

**1.14. ഷക്കീനാഹ് സാന്നിധ്യം**

ഷക്കീനാഹ് എന്ന അറമായ പദം ഷക്കാൻ എന്ന ഹെബ്രായ പദത്തിൽ നിന്ന് രൂപംകൊണ്ടതാണ്. ഈ വാക്കിന്റെ അർത്ഥം കൂടാരമടിക്കുക, വസിക്കുക എന്നെല്ലാമാ

www.malankaralibrary.com



ണ്. കൂടെ വസിക്കുന്ന ദൈവം എന്ന ആശയമാണ് പഴയ നിയമത്തിലെ ഷക്കീനാഹ് എന്ന പദം മുന്നോട്ടുവയ്ക്കുന്നത്. ഇതേ ദൈവസാന്നിധ്യം മനുഷ്യരുടെ കൂടെ വസിച്ചതാണ് നസ്രത്തിലെ യേശുവിന്റെ മനുഷ്യാവതാരം. വിശുദ്ധ യോഹന്നാൻ മനുഷ്യാവതാരത്തെ അതുകൊണ്ട് ഇങ്ങനെയാണ് സാക്ഷ്യപ്പെടുത്തുന്നത്: *ഹൊ ലോഗോസ് സാർക്സ് എഗെനെത്തോ, കായി എസ്കെനോസാൻ ഹെമിൻ* - വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. (യോഹ 1,14) ബെനഡിക്ട് പാപ്പ നസ്രത്തിലെ യേശു എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു 'വചനത്തിന്റെ വാസസ്ഥലം ആയിരുന്നു യേശുവിന്റെ ശരീരം : നിത്യവചനത്തിന് കൂടാരം അടിക്കാനുള്ള മാധ്യമമായി നസ്രത്തിലെ യേശുവിന്റെ ശരീരം മാറി. ഇസ്രായേൽ ജനം ദൈവ സാന്നിധ്യം അനുഭവിച്ച സമാഗമ കൂടാരവും ദേവാലയവും യേശുവിന്റെ മനുഷ്യ ശരീരത്തിന്റെ പ്രതീകമായി മാറി'. ( നസ്രത്തിലെ യേശു പേജ് 11).

**1.15. തിരുസാന്നിധ്യ അപ്പം ( ലേവ്യ 24,5 - 9)**

പുറ 25,30; ലേവ്യ 24,59;1 സാമു 21, 3 - 6; മത്താ 12, 3-6 വചന ഭാഗങ്ങളിൽ തിരുസാന്നിധ്യ അപ്പത്തെ കുറിച്ചുള്ള പരാമർശങ്ങൾ നാം കണ്ടെത്തുന്നുണ്ട്. 'തിരു സാന്നിധ്യ അപ്പം' എന്ന പേര് **ലഹേം ഹപനിം** (തിരുമുഖത്തിന്റെ അപ്പം - Bread of the face of God) എന്ന ഹെബ്രായ പദത്തിന്റെ പരിഭാഷയാണ്. കർത്താവിന്റെ തിരുസാന്നിധ്യത്തിലും തിരുമുഖത്തിന്റെ മുൻപിലും നിത്യമായി പ്രതിഷ്ഠിക്കപ്പെടേണ്ട ഉടമ്പടിയുടെ അടയാളം എന്നതിനാലാകണം ലഹരി ഹപനിം എന്ന് ഈ അപ്പം വിളിക്കപ്പെടുന്നത്.

1) വളരെ ഉപരിപ്ലവമായ നേരിയ മാവുകൊണ്ട് നിർമ്മിക്കപ്പെട്ട തിരുസാന്നിധ്യ അപ്പത്തിൽ, നേരിയ ഗോതമ്പു മാവിൽ നിർമ്മിക്കപ്പെടുന്ന ഓസ്തിയുടെ പ്രതീകാത്മകത കണ്ടെത്താം
2) തിരുസാന്നിധ്യ അപ്പം ഉടമ്പടിയുടെ അടയാളമായിരുന്നു. വിശുദ്ധ കുർബാന പുതിയ ഉടമ്പടിയുടെ അടയാളമാണ്.
3) തിരുസാന്നിധ്യ അപ്പം വിശുദ്ധികരിക്കപ്പെട്ടതായിരുന്നു അതുകൊണ്ടുതന്നെ പൗരോഹിത്യ ശുശ്രൂഷയിൽ പങ്കുചേരുന്നവർക്ക് മാത്രമേ അതിൽനിന്ന് ആഹരിക്കാൻ അവകാശമുള്ളൂ. കൂദാശചെയ്യപ്പെടുന്ന വിശുദ്ധ കുർബാനയും പുരോഹിത ജനത്തിന് മാത്രം അവകാശപ്പെട്ടതാണ്. യേശുവിന്റെ പുരോഹിത, പ്രവാചക, രാജകീയ ദൗത്യങ്ങളിൽ ഓരോ വിശ്വാസിയും പങ്കുചേരുന്നതാണല്ലോ.

**2. വി.കുർബാന പുതിയ നിയമ വീക്ഷണത്തിൽ**

വി. കുർബാനയെക്കുറിച്ചുള്ള വ്യക്തമായ വിവരണം പുതിയ നിയമത്തിൽ നിന്നാണ് നമുക്ക് ലഭിക്കുന്നത്. പുതിയ നിയമത്തിൽ പലതരത്തിൽ വി.കുർബാനയുടെ പ്രാധാന്യം വ്യക്തമാക്കാൻ വി.ഗ്രന്ഥകർത്താക്കൾ പരിശ്രമിച്ചിട്ടുണ്ട്. അന്ത്യത്താഴത്തിൽ വി.കുർബാന സ്ഥാപിക്കുന്ന വിവരണമാണ് ഇതിൽ പ്രധാനം. സമവീക്ഷണ സുവിശേഷകന്മാരും വിശുദ്ധ പൗലോസും അന്ത്യ അത്താഴത്തിലെ കൗദാശിക ഭാഗം

www.malankaralibrary.com


വിവരിക്കുന്നുണ്ടെങ്കിലും ( മത്താ 26, 26-30; മർക്കോ 14,22-26; ലൂക്കാ 22, 14-22; 1 കോറി 11:23-25) യോഹന്നാന്റെ വിവരണത്തിൽ ഈ ഭാഗം പരാമർശിക്കുന്നില്ല, എന്നാൽ സമവീക്ഷണ സുവിശേഷകന്മാർ പരാമർശിക്കാത്ത പാദക്ഷാളനവും സ്നേഹത്തിന്റെ പുതിയ കൽപ്പനയും വത്സല ശിഷ്യന്റെ രചനയിൽ ഇടം പിടിച്ചിട്ടുണ്ട് താനും.

വിശുദ്ധ മർക്കോസ് തിരുവത്താഴത്തെ ചിത്രീകരിക്കുന്ന മാതൃകയിലാണ് മത്തായി ശ്ലീഹായും സഞ്ചരിക്കുന്നത് (മർക്കോ 14,22-24). പൗലോസും ലൂക്കായും സ്വീകരിച്ചിട്ടുള്ള പാരമ്പര്യത്തിനു ശേഷം മറ്റൊരു പാരമ്പര്യമാണ് മർക്കോസിന്റെ വിവരണത്തിന് ആധാരമായി സ്വീകരിച്ചിട്ടുള്ളത്. വിശുദ്ധ മർക്കോസിന്റെ സുവിശേഷത്തിൽ വിശുദ്ധ കുർബാനയെ പറ്റിയുള്ള കാഴ്ചപ്പാട് അതിന്റെ ഉച്ചകോടിയിലെത്തുക പീഡാനുഭവ ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിച്ചിരിക്കുന്ന ശിഷ്യന്മാരോടുത്തുള്ള യേശുവിന്റെ അവസാന അത്താഴത്തിലാണ്.

**2.1 വി. മത്തായി - പാപമോചനത്തിനായുള്ള പുതിയ ഉടമ്പടി** (മത്താ 26, 26-30)

എ. ഡി 80 നോട് അടുത്ത് രചിക്കപ്പെട്ട വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലെ വിശുദ്ധ കുർബാനയെക്കുറിച്ചുള്ള പ്രതിപാദനം വിശുദ്ധ മർക്കോസിന്റെ വിവരണത്തോട് ഏറെ താദാത്മ്യം ഉള്ളതാണ്. പാപമോചനത്തിനായുള്ള പുതിയ ഉടമ്പടിയാണ് വി.കുർബാന (മത്തി 26, 26-30). ഈ പുതിയ ഉടമ്പടിയിലും പാപമോചനത്തിലും പങ്കാളികളാകുന്നത് യേശുവിന്റെ ശരീരത്തിലും രക്തത്തിലും ഭാഗമാക്കുകളായികൊണ്ടാണ്.

**2.3 വി. ലൂക്കാ - ദൈവരാജ്യത്തിന്റെ വിരുന്ന്**

വി. ലൂക്കായുടെ കുർബാന സ്ഥാപന വിശദീകരണം വിശുദ്ധ പൗലോസിന്റെ വിവരണത്തോട് വളരെ സാമ്യം ഉള്ളതാണ് (ലൂക്കാ 22,14 :17; 19 - 21) ദൈവ രാജ്യത്തിന്റെ വിരുന്നായിട്ടാണ് ഈ സുവിശേഷം വി.കുർബാനയെ അവതരിപ്പക്കുന്നത് ( ലൂക്കാ 22, 14 - 23 ). ലൂക്കായുടെ സുവിശേഷം കുർബാനയുടെ സ്ഥാപനവേദിയായ ഒടുവിലത്തെ അത്താഴത്തെ വിവരിക്കുന്നതിന് ഒരുങ്ങുന്നത് വിരുന്നുകളുടെ ഒരു പരമ്പരയിലൂടെ ആണെന്ന് പറയാം. ഓരോ വിരുന്നും കുർബാനയും ക്രിസ്തീയ ജീവിതവും തമ്മിലുള്ള സവിശേഷ ബന്ധത്തെ വ്യക്തമാക്കുന്നു എന്നതാണ് ശ്രദ്ധേയ കാര്യം. അവസാനത്തെ അത്താഴത്തിന് മുൻപായി ഏഴു വിരുന്നുകളും, ഗലീലിയിൽ നിന്ന് ജെറുസലേമിലേക്കുള്ള പാതയിൽ നാലു വിരുന്നുകളും ( ലൂക്കാ 5,1-19, 28). ഈ വിരുന്നുകളെല്ലാം ഓരോ വിധത്തിൽ വിശുദ്ധ കുർബാനയും ശിഷ്യത്വത്തിന്റെ ജീവിതവും തമ്മിലുള്ള ബന്ധം കാണിക്കുന്നു.

**2.4 കോറിന്തോസിലെ സഭയും കർത്താവിന്റെ അത്താഴവും** ( 1 കോറി 11,17 -34)

വി. കുർബാനയെ പറ്റി നമുക്ക് ലഭിച്ചിട്ടുള്ള ആദ്യവിവരണം വിശുദ്ധ പൗലോസിന്റെ കോറിന്തോസുകാർക്ക് ഉള്ള ലേഖനത്തിലാണ് (1 കോറി 11, 23-26). ക്രിസ്തുവിന്റെ ശരീരത്തിലും രക്തത്തിലും പങ്കുപറ്റുന്നത് വഴി വിശ്വാസികൾ ക്രിസ്തുവിൽ

www.malankaralibrary.com



ഐക്യപ്പെടുന്നു. അതുപോലെതന്നെ പരസ്പരം ഐക്യത്തിന്റെ അടയാളങ്ങൾ ആകുന്നു. വിശുദ്ധ കുർബാനയുടെ ഐക്യത്തിൽ പങ്കുകാരാകുന്നവർ യേശുവിന്റെ മരണത്തിൽ പങ്കാളികളാകുന്ന രക്ഷ നേടിയ സമൂഹമാണ്. വിശുദ്ധ കുർബാന നമ്മെ ദൈവത്തിൽ ഐക്യപ്പെടുത്തി ദൈവജനം ആക്കുന്നു. അത് പരസ്പര ഐക്യത്തിനും കൂട്ടായ്മയ്ക്കും ചുമതലപ്പെടുത്തുന്നു. തങ്ങളുടെ പരസ്പരമുള്ള പെരുമാറ്റ ശൈലിയിൽ കോറിന്തോസിലെ സഭ യേശുവിന്റെ അവസാനത്തെ അത്താഴത്തിന് അർത്ഥം നിഷേധിച്ചു. കർത്താവിന്റെ മരണത്തിൽ നിന്ന് ഉയിർകൊണ്ട പുതിയ ദൈവജനത്തിന്റെ തനതാത്മകത അവിടെ ഇല്ലാതെ പോയി. ഒരേ സമൂഹത്തിലെ അംഗങ്ങൾ യേശുവിൽ ഒന്നായിരിക്കുന്നവർ ( ഗല 3, 26-28) ഭക്ഷണം കഴിക്കുന്നതിനായി പരസ്പരം കാത്തിരുന്നില്ല. കൂട്ടായ്മയും ഭാഗഭാഗിത്വവും വളർത്തേണ്ടതും സമത്വത്തിന്റെയും പരസ്പര സ്നേഹത്തിന്റെയും വേദിയാകേണ്ടിയിരുന്നതുമായ കർത്താവിന്റെ അത്താഴ വിരുന്ന് വ്യക്തികളുടെ സ്വാർത്ഥ താല്പര്യങ്ങളുടെ വേദിയായി മാറി. യേശുവിന്റെ ഒടുവിലത്തെ അത്താഴത്തിന്റെ ചൈതന്യവും ജീവിതദർശനവും കാണിക്കേണ്ട വേദി, ദൈവത്തിന്റെ സഭയുടെ അവഹേളനത്തിന്റെ വേദിയായി. ഈ സാഹചര്യത്തെയും മനോഭാവത്തെയും തിരുത്താനായിട്ടാണ് കർത്താവിന്റെ അത്താഴത്തിന്റെ മാതൃക അപ്പസ്തോലൻ തന്റെ വാദമുഖങ്ങൾക്ക് അടിസ്ഥാനമായി ഉപയോഗിക്കുന്നത്. വിശുദ്ധ പൗലോസ് ശ്ലീഹാ അവസാനത്തെ അത്താഴത്തിലെ വിശുദ്ധ കുർബാനയുടെ സ്ഥാപനത്തിന്റെ വചനങ്ങളാണ് തന്റെ സമൂഹത്തിന് മാതൃകയായി നൽകുന്നത്. കർത്താവിന്റെ അത്താഴത്തിന്റെ ആചരണത്തിൽ യേശു ചെയ്തത് തന്നെയാണ് ക്രിസ്തീയ സമൂഹം ചെയ്യേണ്ടിയിരുന്നത്.

### 2.5 വി. യോഹന്നാൻ -സ്വയം ശൂന്യവത്കരണത്തിന്റെ ഉത്തമ മാതൃക (Eucharist as the perfect model of kenosis)

വി. കുർബാന കേന്ദ്രീകരിച്ച് ജീവിക്കുന്ന സമൂഹത്തിന് യേശുവിന്റെ ജീവിത ദൗത്യത്തിന്റെ വ്യാപ്തി കാണിച്ചുകൊടുത്തുകൊണ്ട് അതിന്റെ അഗാധത്തിലേക്ക് നയിക്കുകയാണ് യോഹന്നാൻ. വി.കുർബാന സ്ഥാപനവിവരണം സുവിശേഷത്തിൽ കാണുന്നില്ല, പക്ഷേ എങ്ങനെ കുർബാന അധിഷ്ഠിത ജീവിത ശൈലി രൂപപ്പെടുത്തണ മെന്ന് യോഹന്നാൻ പഠിപ്പിക്കുന്നു. കുർബാന അർപ്പിക്കപ്പെടുന്ന സമൂഹത്തിലേക്ക് കുർബാനയുടെ അന്തസത്തയും അതിൽ പങ്കെടുക്കുന്നവർക്ക് ഉണ്ടാകേണ്ട മനോഭാവവും വ്യക്തമാക്കുന്നതിനാണ് അത്താഴ വിവരണവും പാദക്ഷാളനവും വിവരിക്കുന്നത് എന്ന് സാരം. അതിനൊപ്പം, കൂദാശ വചനങ്ങൾക്ക് അതി മാന്ത്രിക സ്വഭാവം കൊടുക്കുന്ന പ്രവണതയെ തിരുത്തുകയും യോഹന്നാന്റെ ലക്ഷ്യമായിരുന്നു. യോഹ ന്നാന്റെ വി.കുർബാനയെക്കുറിച്ചുള്ള സമഗ്രമായ വിവരണം നാം കാണുന്നത് യോഹ 6, 54-58 വരെയുള്ള തിരുവചനങ്ങളിലാണ്.

www.malankaralibrary.com


വിശുദ്ധ കുർബാനയെക്കുറിച്ചുള്ള ദൈവശാസ്ത്ര പ്രബോധനങ്ങളുടെ അടിസ്ഥാനമായി നിൽക്കുന്ന വിശുദ്ധ ഗ്രന്ഥ ഭാഗമാണിത്. ഈശോയുടെ വ്യക്തിപ്രാഭവത്തിൽ ആകൃഷ്ടരായ ജനക്കൂട്ടം അവിടുത്തെ അനുഗമിക്കുന്നു. ഈശോ ഒരു മലമുകളിലേക്ക് കയറുന്നു. മലമുകൾ ദൈവ സാന്നിധ്യത്തിന് ഇടമാണ്. രണ്ടു കാര്യങ്ങളാണ് ഈശോ ഇവിടെ ചെയ്യുന്നത്.

1. അവൻ അവരെ പഠിപ്പിച്ചു.
2. അവർക്ക് ഭക്ഷണം നൽകി.

പന്ത്രണ്ട് കുട്ട നിറയെ അപ്പക്കഷണങ്ങൾ അവർ ശേഖരിച്ചു. 12 എന്ന സംഖ്യ സാർവത്രികതയെ (universality) സൂചിപ്പിക്കുന്നതാണ്. ഈശോ നൽകുന്ന രക്ഷ സാർവത്രികമാണ് എന്നതിനെ ഇത് സൂചിപ്പിക്കുന്നു. യഹൂദരെ സംബന്ധിച്ച് ഈ പ്രബോധനം സ്വീകരിക്കുക ദുഷ്കരമായിരുന്നു. രക്തത്തിലാണ് ജീവൻ എന്ന് അവർ വിശ്വസിച്ചു. രക്തം ഭക്ഷിക്കുന്നത് അവർക്ക് നിഷിദ്ധമായിരുന്നു (ലേവ്യ 17,11). ഈശോ ആവർത്തിച്ച് ഈ കാര്യം തന്നെ അവരോട് ആവശ്യപ്പെട്ടു. "നശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കുവിൻ. എന്തെന്നാൽ, പിതാവായ ദൈവം അവന്റെ മേൽ അംഗീകാരമുദ്രവച്ചിരിക്കുന്നു". യോഹന്നാൻ 6, 27."യേശു അവരോടു പറഞ്ഞു: ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല". യോഹന്നാൻ 6, 35.

തന്റെ ശരീര രക്തങ്ങൾ ഭക്ഷിക്കണമെന്ന് യേശു ആവശ്യപ്പെട്ടതിനാൽ അനേകം ആളുകൾ അവനെ വിട്ടു പോയി. എന്നാൽ ഈശോ ബാക്കിയുള്ളവരോട് ചോദിച്ചു നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ. യോഹന്നാൻ 6, 66. മാത്രവുമല്ല ഈ വിഷയത്തിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും അവിടുന്ന് തയ്യാറായില്ല. കടിച്ചുകീറുക, ചവയ്ക്കുക, ചതയ്ക്കുക എന്നെല്ലാം അർത്ഥം വരുന്ന 'ട്രോഗോ' എന്ന ക്രിയയാണ് ഭക്ഷിക്കണം എന്ന അർത്ഥത്തിൽ ഇവിടെ ഉപയോഗിക്കുന്നത്. യേശു തന്റെ മാംസവും രക്തവും നമുക്ക് ഭക്ഷിക്കാൻ തരും. 'ട്രോഗോ' എന്ന വാക്ക് പുതിയ നിയമത്തിൽ (മത്തായി 24,38, യോഹന്നാൻ 13,18) രണ്ട് പ്രാവശ്യം മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ, അതിന്റെ അർത്ഥം അക്ഷരാർത്ഥത്തിൽ മാംസം ചവച്ച് കടിക്കുക എന്നാണ്. ധാരാളം പേർ അവനെ വിട്ടുപോയിട്ടും ഈ വിഷയത്തിൽ ഒത്തുതീർപ്പ് ചെയ്യാൻ അവൻ തയ്യാറായില്ല. യോഹന്നാൻ 6,55-ൽ കൂടുതൽ വ്യക്തമായി അവിടുന്ന് പറയുന്നു, 'എന്റെ ശരീരം യഥാർത്ഥത്തിൽ ഭക്ഷണമാണ്, എന്റെ രക്തം യഥാർത്ഥത്തിൽ പാനീയമാണ്.' യേശുവിന്റെ മാംസം യഥാർത്ഥത്തിൽ ഭക്ഷണമാണെന്നും അവന്റെ രക്തം യഥാർത്ഥത്തിൽ പാനീയമാണെന്നും വിശ്വസിക്കാത്തവരോടുള്ള പ്രതികരണമായി ഈ വാചകം മനസ്സിലാക്കാം.

www.malankaralibrary.com



യോഹന്നാന്റെ യൂക്കറിസ്റ്റിക് ദൈവശാസ്ത്രമനുസരിച്ച് യേശു ദിവ്യബലിയിൽ തന്റെ യഥാർത്ഥ സാന്നിധ്യം വാഗ്ദാനം ചെയ്യുന്നു. കെനോസിസിന്റെ ഉത്തമ മാതൃകയാണ് ദിവ്യബലി. മനുഷ്യാവതാരത്തിന്റെ അവിശ്വസനീയമായ യാഥാർത്ഥ്യത്തിൽ നമുക്ക് വിശ്വസിക്കാൻ കഴിയുമെങ്കിൽ, കുർബാനയിൽ യേശുവിന്റെ യഥാർത്ഥ സാന്നിധ്യത്തിൽ നമുക്ക് തീർച്ചയായും വിശ്വസിക്കാം. അവന്റെ മാംസം ഭക്ഷിക്കുകയും അവന്റെ രക്തം കുടിക്കുകയും ചെയ്യണമെന്ന് യേശു നാല് പ്രാവശ്യം പറയുന്നു. യേശു തന്റെ ശരീരവും രക്തവും കുർബാനയിൽ അർപ്പിക്കുന്നു എന്ന് നാം വിശ്വസിക്കുന്നു. സ്വയം ശൂന്യമാക്കലിന്റെ പരമകാഷ്ഠയായ കുർബാനയർപ്പണം അധികാര ത്തർക്കത്തിന്റെയും കിടമത്സരത്തിന്റെയും വേദിയാകുന്നത് കണ്ട് ഹൃദയം നൊന്താണ് വത്സല ശിഷ്യൻ സ്ഥാപന വിവരണത്തിന്റെ സ്ഥാനത്ത് കുർബാനയുടെ ആത്മാംശം വ്യക്തമാക്കുന്ന പാദക്ഷാളനം എഴുതിച്ചേർത്തതെന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നുണ്ട്.

ഊട്ടുശാലയുടെ തറയോളം സ്വയം താഴാൻ മനസ്സായ് നസ്രായന്റെ മനസ്സാണ് അവന്റെ ഓർമ്മയാചരണത്തിന് എത്തുന്നവർ ആദ്യം സ്വന്തമാക്കേണ്ടത് എന്ന് പറയാനാണ് വത്സല ശിഷ്യൻ ആഗ്രഹിക്കുന്നത്. കുർബാന ആത്മദാനത്തിന്റെയും സ്വയം ശൂന്യമാക്കലിന്റെയും ഏറ്റവും മഹത്തായ വേദിയാണ്. ലോക ചരിത്രത്തിൽ ഇതിന് പകരം നിൽക്കുന്ന ഒരു സ്വയം ശൂന്യമാക്കലിന്റെയോ ആത്മദാനത്തിന്റെ പാഠം ഇല്ല തന്നെ. അപ്പോൾ, യേശുവിന്റെ സ്നേഹം ഭക്ഷിച്ചിട്ട് വേണം അവന്റെ ശരീരത്തെ ഭക്ഷിക്കാൻ. ഇതാണ് യോഹന്നാന്റെ സുന്ദരമായ ദൈവശാസ്ത്ര വീക്ഷണം.

**3. വി.കുർബാനയെ സംബന്ധിച്ചുള്ള തിരുസഭയുടെ പ്രബോധനം**

വി. കുർബാനയെ സംബന്ധിച്ചുള്ള തിരുസഭയുടെ പ്രബോധനങ്ങളിൽ ഏറെ ശ്രദ്ധയർഹിക്കുന്നത് രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ പഠിപ്പിക്കലുകളാണ്. പ്രധാനപ്പെട്ട ഡിക്രികളിലെല്ലാം വി. കുർബാനയുടെ മഹത്വത്തെയും പ്രാധാന്യത്തെയും പറ്റി കൗൺസിൽ പിതാക്കന്മാർ സംസാരിക്കുന്നുണ്ട്. അവയിൽ ചിലത് നമ്മുടെ പരിഗണനയ്ക്കായി ചേർക്കുന്നു. വി. കുർബാന യഥാർത്ഥത്തിൽ യേശുക്രിസ്തുവിന്റെ ശരീരവും രക്തവുമാണ്. അവിടുത്തെ സാന്നിധ്യം സത്താപരിവർത്തനം വഴിയാണ് സംഭവിക്കുന്നത്. അതിനാൽ വി.കുർബാനയാണ് ക്രിസ്തീയ ജീവിതത്തിന്റെ ഏറ്റവും വലിയ ആരാധനയും ഊർജ്ജ സ്രോതസ്സും. ഇതാണ് തിരുസഭയുടെ പ്രബോധനങ്ങളുടെ അന്തസത്ത.

LG: Eucharistic sacrifice is the source and summit of Christian life

SC: No other person, not even a priest may add, remove or change anything in the liturgy on his own authority.

PO: The Eucharistic sacrifice is the center and root of the whole life of the Priest.

www.malankaralibrary.com


**വി.കുർബാനയെ സംബന്ധിച്ചുക്കുന്ന മാർപാപ്പമാരുടെ പ്രധാനപ്പെട്ട പ്രബോധനങ്ങൾ**

1. *Ecclesia De Eucharistia*
Encyclical Letter of His Holiness Pope John Paul II to the Bishops, Priests and Deacons, Men and Women in the Consecrated Life and all the Lay Faithful on the Eucharist in its Relationship to the Church. Given in Rome, at Saint Peter's, April 17, 2003.
2. *Mysterium Fidei* (On the Holy Eucharist - Mystery of Faith) by Pope Paul VI, 1965, very important document on the Eucharist
3. *Redemptor Hominis* (The Redeemer of Man) by Pope John Paul II, 1979, section 20 is on the Eucharist and Penance.
4. *Dominum Et Vivificantem* (Lord and Giver of Life) by Pope John Paul II, 1986, Sections on the Holy Spirit and the Eucharist and Liturgy.
5. *Eucharisticum Mysterium* (Instruction On Worship of the Eucharistic Mystery) by the Sacred Congregation of Rites and confirmed by Pope Paul VI, 1967.
6. *Mediator Dei* (On the Sacred Liturgy) by Pope Pius XII, 1947

തിരുസഭയുടെ മതബോധന ഗ്രന്ഥം വി. കുർബാനയെ സംബന്ധിക്കുന്ന രണ്ട് അടിസ്ഥാന വിശ്വാസ സത്യങ്ങളെ ഊന്നൽ നല്കി പഠിപ്പിക്കുന്നു.

CCC: The words of consecration actually transform the substance of the bread and wine into the body and blood of Christ. Christ is really and truly present in the Holy Communion

ചില പ്രധാനപ്പെട്ട ദൈവശാസ്ത്ര ആഭിമുഖ്യങ്ങൾ കൂടി നമുക്ക് പരിശോധിക്കാം.

**3.1. വി. കുർബാന ഒരു രഹസ്യമാണ് (mystery of faith)**

വി. പൗലോസ് ശ്ലീഹാ 1 കോറി 11, 23-26 ൽ ഇങ്ങനെ എഴുതുന്നു: കർത്താവിൽനിന്ന് എനിക്ക് ലഭിച്ചതും ഞാൻ നിങ്ങളെ ഭരമേല്പിച്ചതുമായ കാര്യം ഇതാണ്: കർത്താവായ യേശു, താൻ ഒറ്റി കൊടുക്കപ്പെട്ട രാത്രിയിൽ, അപ്പമെടുത്ത്... പൗലോസ് വി.കുർബാനയെപ്പറ്റി പറയുന്നത് ഇത് പരമ്പാരാഗതമായി കൈമാറി കിട്ടിയതാണ് എന്നാണ്. *'പാരാദിദോമി'* (paradidomi) എന്ന ഗ്രീക്ക് വാക്ക് ഇവിടെ ഉപയോഗിക്കുമ്പോൾ നമുക്ക് ലഭിക്കുന്ന ധാരണ ഇതാണ് - എ.ഡി. 51 ൽ ഈ ലേഖനം എഴുതുമ്പോൾ പരിശുദ്ധ കുർബാനയർപ്പണം സഭയുടെ പാരമ്പര്യത്തിന്റെ ഭാഗമായി മാറിയിരുന്നു എന്നർത്ഥം. എന്ന് പറഞ്ഞാൽ നിശ്ചയമായും യേശു മിശിഹായിൽ നിന്ന് പത്രോസിനും മറ്റ് അപ്പസ്തോലന്മാർക്കും കൃത്യമായ നിർദ്ദേശം ലഭിച്ചിരുന്നുവെന്നും അവർ 20 വർഷത്തോളമായി ആ നിർദ്ദേശമനുസരിച്ച് ദിവ്യബലി അർപ്പിച്ചു പോന്നിരുന്നുവെന്നും പൗലോസ് ലേഖനമെഴുതുന്ന സമയമായപ്പോഴേക്കും അത് സഭയുടെ പാരമ്പര്യമായി മാറിയെന്നും മനസ്സിലാക്കാം. സഭ വി.കുർബാനയെന്ന രഹസ്യത്തെ സ്വീകരിക്കുന്നത് രക്ഷയുടെ പ്രവർത്തിയായിട്ടാണ്. യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരേ ആൾ തന്നെയാണ്

www.malankaralibrary.com


(ഹെബ്രാ 13, 8). പരിശുദ്ധ കുർബാനയിൽ സന്നിഹിതനായിരിക്കുന്നവൻ തന്നെയാണ് പരിശുദ്ധ കന്യകയിൽ നിന്ന് ജനിച്ച് കാൽവരിയിൽ മരിച്ചത്. അവനാണ് ഇനിയും വരാനിരിക്കുന്നത്. അവനെ ഇന്ന് അനുഭവിക്കാനുള്ള വഴി പരി.കുർബാനയാണ്. അതുകൊണ്ട് പരി.കുർബാന വെറും ഓർമ്മ പുതുക്കലല്ല പിന്നെയോ യഥാർത്ഥത്തിൽ രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് മിശിഹാ അനുഷ്ഠിച്ച രക്ഷാകര പ്രവർത്തികളെ നാം പുനരവതരിപ്പിക്കുകയാണ്. വേറെ വാക്കുകളിൽ പറഞ്ഞാൽ പരിശുദ്ധ കുർബാന നമ്മെ കാലദേശാന്തരങ്ങളെ ഭേദിച്ച് കാൽവരിയലേക്ക് കൊണ്ടു പോകുന്നു. The Eucharist transcends all times and makes us participate -any time it is celebrated-in the divine eternity.

**3.2. പരി. കുർബാന യേശുവിന്റെ ബലിയുടെ അനുസ്മരണം**

വി.കുർബാന സ്ഥാപന സമയത്ത് യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കാം *ഇത് നിങ്ങൾക്ക് വേണ്ടി നല്കപ്പെടുന്ന എന്റെ ശരീരമാണ്..... ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്*.. ലൂക്കാ 22, 19-20. ഈ വാക്കുകൾ സൂക്ഷ്മമായി ശ്രദ്ധിക്കുമ്പോൾ നാം മനസ്സിലാക്കുന്നത് പെസഹായിൽ വെച്ച് വി. കുർബാന പൂർത്തീകരിക്കപ്പെട്ടില്ല എന്ന വസ്തുതയാണ്. സെഹിയോൻ മാളികയിൽ ആരംഭിച്ച ബലിയർപ്പണം പിറ്റേ ദിവസം കാൽവരിയിലാണ് പൂർത്തിയാകുന്നത്. അവിടെയാണ് യഥാർത്ഥത്തിൽ ശരീരം മുറിക്കപ്പെട്ടത്, അവിടെയാണ് രക്തം ചിന്തപ്പെട്ടത്. സെഹിയോൻ മാളികയിൽ ആരംഭിച്ച് ഗാഗുൽത്തായിൽ പൂർത്തിയാക്കപ്പെട്ട യേശുവിന്റെ ബലിയാണ് പരിശുദ്ധ കുർബാനയിൽ അനുസ്മരിക്കുന്നത്.

**3.3. വി.കുർബാനയിലെ യേശുവിന്റെ യഥാർത്ഥ സാന്നിധ്യം (The real presence of Jesus in the Eucharist)**

ഈശോ പരി.കുർബാനയിൽ സത്യമായും വ്യക്തിപരമായും സത്താപരമായും സന്നിഹിതനാണ്. അവൻ തന്നെതന്നെ നല്കി എന്നതിലുപരി അവന്റെ അപരിമേയമായ സ്നേഹവും ഈശോ എന്ന വ്യക്തിയെയും നമുക്ക് വി. കുർബാനയിൽ ലഭിക്കുന്നു. ഇത് ദൈവശാസ്ത്ര വിഷയമെന്നതിനേക്കാൾ വ്യക്തിപരമായി നാം തിരിച്ചറിയേണ്ട ദൈവസ്നേഹത്തെക്കുറിച്ചുള്ള പ്രബോധനമാണ്. പെസഹാ കുഞ്ഞാട് എന്ന പ്രതീകവും ജനത്തോടുള്ള ഈശോയുടെ സ്നേഹത്തെ സൂചിപ്പിക്കുന്നതാണ്. ജനത്തിന്റെ പാപം മുഴുവൻ വഹിക്കാനായി ജനത്തോടുള്ള സ്നഹത്തെപ്രതി സ്വയം തകർക്കപ്പെടാനായി വിട്ടുകൊടുക്കുന്ന യേശു. പിതാക്കന്മാർ പറയുന്നു പുരോഹിതൻ സ്ഥാപനവചനങ്ങൾ ഉച്ചരിക്കുന്ന സമയം കാൽവരിയിൽ മുറിയപ്പെട്ട ശരീരവും ചിന്തപ്പെട്ട രക്തവും സെഹിയോൻ ഊട്ടുശാലയിലെ അപ്പത്തോടും വീഞ്ഞിനോടുമൊപ്പം സന്നിവേശിപ്പിച്ച് അൾത്താരയിൽ സമർപ്പിച്ച അപ്പത്തിലൂടെയും വീഞ്ഞിലൂടെയും വിശ്വാസിക്ക് സംലബ്ധമാകുന്നു..

**3.4. സത്താപരിവർത്തനം (Transubstantiation)**

വി.കുർബാനയിൽ അപ്പവും വീഞ്ഞും ഈശോയുടെ ശരീരവും രക്തവുമായി

www.malankaralibrary.com


രൂപാന്തരപ്പെടുന്നു എന്ന പ്രബോധനം കത്തോലിക്കാ വിശ്വാസത്തിന്റെ അടിസ്ഥാന പ്രബോധനമാണ്. വി. തോമസ് അക്വീനാസാണ് ഈ വിഷയത്തെ ശരിയായ രീതിയിൽ വ്യാഖ്യാനിച്ചിരിക്കുന്നത്. വൈദികൻ ഉച്ചരിക്കുന്ന പ്രാർത്ഥന വഴി അപ്പത്തിന്റെയും വീഞ്ഞിന്റെയും സത്ത മാറുന്നു എന്നാൽ അതിന്റെ ബാഹ്യ ഗുണങ്ങളൊന്നും മാറുന്നില്ല. വി.പൗലോസ് ശ്ലീഹായുടെ പ്രബോധനമാണ് ഇതിനാധാരമായി നിലകൊള്ളുന്നത്. " നാം ആശീർവദിക്കുന്ന അനുഗ്രഹത്തിന്റെ പാനപാത്രം ക്രിസ്തുവിന്റെ രക്തത്തിലുള്ള ഭാഗഭാഗിത്വമല്ലേ?". പൗലോസ് ശ്ലീഹാ അപ്പവും വീഞ്ഞും ഈശോമിശിഹായുടെ തിരുശരീര രക്തങ്ങളായി രൂപാന്തരപ്പെടുന്നതിനെക്കുറിച്ച് അസന്നിഗ്ധമായി പഠിപ്പിക്കുന്നു. ഈ വിശ്വാസ സത്യത്തിന് തത്ത്വശാസ്ത്രപരമായ വ്യാഖ്യാനം നല്കുക മാത്രമാണ് വി. അക്വീനാസ് ചെയ്യുന്നത്. സത്താപരിവർത്തനം നടക്കുന്നതിനാലാണ് വി.കുർബാന യേശുമിശിഹായുടെ യഥാർത്ഥ ശരീരവും രക്തവുമാണെന്ന് സഭ പഠിപ്പിക്കുന്നത്.

**→ സഭാ പിതാക്കന്മാർ വിശുദ്ധ കുർബാനയെ പറ്റി പറയുന്നത് ശ്രദ്ധിക്കാം.**

അന്ത്യോഖ്യായിലെ വിശുദ്ധ ഇഗ്നാത്യോസ് സ്മിർണായിലെ സഭയ്ക്ക് എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു ' വിശുദ്ധ കുർബാന നമ്മുടെ രക്ഷകന്റെ ശരീര രക്തങ്ങളാണ്"

വിശുദ്ധ ജസ്റ്റിൻ പഠിപ്പിക്കുന്നു ' വിശുദ്ധ കുർബാനയിൽ മനുഷ്യാവതാരം ചെയ്ത ഈശോയുടെ യഥാർത്ഥ ശരീരവും രക്തവും അടങ്ങിയിരിക്കുന്നു'

അലക്സാണ്ട്രിയായിലെ ഒരിജൻ തന്റെ പ്രഭാഷണത്തിൽ വിശുദ്ധ കുർബാന നൽകുമ്പോൾ ഒരു പൊടി പോലും നഷ്ടപ്പെടാതിരിക്കാൻ സവിശേഷ ശ്രദ്ധ പുലർത്തണമെന്ന് ഓർമിപ്പിക്കുന്നു. പിന്നീടി ത്രെന്തോസ് സുന്നഹദോസ് ഈ ആശയത്തെ വിശദമായി പഠിപ്പിക്കുന്നുണ്ട്. ഓരോ കണവും ഈശോയുടെ തിരുശരീര രക്തമാകയാൽ ഒരു കണം പോലും അലക്ഷ്യമായി നഷ്ടപ്പടാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് സുന്നഹദോസ് പഠിപ്പിക്കുന്നു.

സഭാ പിതാവായ വിശുദ്ധ ഗ്രിഗറി നീസ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു 'സാധാരണ അപ്പമാണ് നാം സമർപ്പിക്കുന്നത് എങ്കിലും അതിനെ ഈശോയുടെ ശരീര രക്തമായി മാറ്റാൻ വിശുദ്ധ കുർബാനയുടെ രഹസ്യത്തിന് കഴിയുന്നു'

വിശുദ്ധ ജോൺ ക്രിസോസ്റ്റോം വിശുദ്ധ കുർബാന യഥാർത്ഥത്തിൽ ഈശോയുടെ ശരീരമാണ് എന്ന് പഠിപ്പിക്കുന്നു.

പതിമൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മഹാ വിശുദ്ധനായ തോമസ് അക്വിനാസ് ആണ് ഈശോയുടെ യഥാർത്ഥ സാന്നിധ്യത്തെ സംബന്ധിച്ചുള്ള ഡോക്ടറിൻ രൂപപ്പെടുന്നതിൽ നിർണായക പങ്ക് വഹിച്ചത്. അദ്ദേഹത്തിന്റെ സുമ്മ തിയോളജിയ എന്ന ഗ്രന്ഥത്തിന്റെ അവസാന ഭാഗത്താണ് വിശുദ്ധ കുർബാനയെ പറ്റിയുള്ള പ്രബോധനങ്ങൾ അടങ്ങിയിരിക്കുന്നത്. വിശുദ്ധ കുർബാനയെ ആത്മീയ ഭക്ഷണം, തിരുപ്പാഥേയം എന്നെല്ലാം അദ്ദേഹം വിളിക്കുന്നുണ്ട്. വിശുദ്ധ കുർബാന ഒരു ബലിയർപ്പണമാണ്

www.malankaralibrary.com


അതോടൊപ്പം അത് കൂട്ടായ്മയിൽ വളർത്തുന്ന ആഘോഷവും ആണ്. എന്നാൽ വിശുദ്ധ കുർബാനയ്ക്കുള്ള ഏറ്റവും നല്ല പേര് എവുക്കാരെസ്തിയ എന്നുള്ളത് തന്നെയാണ്. ഈ പദത്തിനർത്ഥം കൃതജ്ഞതാ പ്രകാശനം എന്നാണ്. സ്വർഗ്ഗത്തിൽ നാം നിരന്തരം ചെയ്യാൻ പോകുന്നതും ഇതുതന്നെയാണ്.

വിശുദ്ധ കുർബാനയിൽ ഈശോയുടെ യഥാർത്ഥ സാന്നിധ്യം എപ്രകാരമാണ് ഉണ്ടാകുന്നത് എന്ന ചോദ്യത്തിന് അദ്ദേഹം പറയുന്ന മറുപടിയാണ് transubstantiation.

ആകന്ദുകങ്ങൾക്ക് (accidents) മാറ്റമില്ലാതെ സാരാംശം (substance) മാത്രം മാറുന്നു. ഇതാണ് ഈ പ്രബോധനത്തിന്റെ ഉള്ളടക്കം.. അപ്പത്തിന്റെയും വീഞ്ഞിന്റെയും മേൽ ഉച്ചരിക്കപ്പെടുന്ന വാക്കുകളുടെ ശക്തിയാലാണ് ഈ മാറ്റം സംഭവിക്കുന്നത്. നമ്മുടെ നിസ്സാരമായ ചില വാക്കുകൾ പോലും മറ്റുള്ളവരിൽ മാറ്റങ്ങൾ ഉണ്ടാക്കാൻ പര്യാപ്തമാണ്. അങ്ങനെയെങ്കിൽ സർവ്വശക്തനായ ദൈവം സംസാരിക്കുന്ന വാക്ക് എത്രമാത്രം ശക്തമായിരിക്കും. ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചത് തന്റെ വാക്കു കൊണ്ടാണ്. മിക്കവാറും എല്ലാ രോഗശാന്തികളും ഈശോ നിർവഹിച്ചതും വാക്കുകളിലൂടെയാണ്. ദൈവത്തിന്റെ വാക്ക് ശക്തിയുള്ളതാണ്. സൃഷ്ടി ശക്തിയുള്ളതാണ്. പിൽക്കാലത്ത് ത്രേന്തോസ് സുന്നഹദോസും പോൾ ആറാമൻ മാർപാപ്പയും രണ്ടാം വത്തിക്കാൻ സുന്നഹദോസും ഈ പ്രബോധനത്തെ അംഗീകരിച്ച് വിശദമാക്കിയിട്ടുള്ളതാണ്.

**4 മലങ്കര കുർബാന**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആരാധനക്രമം ധാരാളം പ്രതീകങ്ങളാൽ സമ്പന്നമാണ്. അതുകൊണ്ട് തന്നെ ആരാധനയിലെ സജീവ ഭാഗഭാഗിത്വം ഉറപ്പാക്കാൻ ഈ പ്രതീകങ്ങളുടെയും അടയാളങ്ങളുടെയും അർത്ഥം മനസ്സിലാക്കിയിരിക്കണം. ഏറ്റവും വലിയ ആരാധനയായ വി.കുർബാനയിൽ ഉപയോഗിക്കുന്ന പ്രതീകങ്ങളുടെയും അടയാളങ്ങളുടെയും അർത്ഥം വിശദമാക്കുകയാണ് ഈ ഭാഗത്ത്. ഇത്തരം പഠനം വി.കുർബാനയിലുള്ള നമ്മുടെ പങ്കാളിത്തത്തെ കുറേക്കൂടി മെച്ചപ്പെട്ടതാക്കും. യേശുക്രിസ്തുവിന്റെ ജീവിതത്തിലെ രക്ഷാകര രഹസ്യങ്ങൾ മുഴുവൻ അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും പുനരവതരിപ്പിക്കപ്പെടുകയാണ് വി. കുർബാനയിൽ.

**4.1 ഒരുക്കശുശ്രൂഷ (തൂയോബോ - Preparatory Service)**

സുറിയാനിയിൽ *തൂയോബോ* എന്നറിയപ്പെടുന്ന ഒരുക്ക ശുശ്രൂഷയിലെ പ്രാർത്ഥനകളും തിരുക്കർമ്മങ്ങളും ക്രിസ്തുവിന്റെ രാജത്വത്തെ വെളിവാക്കുന്നവയാണ്. ഈ ഭാഗം അനുരഞ്ജനത്തിന്റെ സന്ദേശവും നൽകുന്നു. നാം സഹോദരങ്ങളുമായി ഹൃദയപൂർവ്വം രമ്യപ്പെട്ടുവേണം വി.കുർബാനയ്ക്ക് അണയുവാൻ.

**മൽക്കിസദേക്കിന്റെ ക്രമം (Order of Malchizadek)**

രണ്ടുതരം ഒരുക്കങ്ങൾ: അകന്ന ഒരുക്കവും അടുത്ത ഒരുക്കവും. അകന്ന ഒരുക്കം ഭവനത്തിൽ നിന്ന് തന്നെ ആരംഭിക്കുന്നു.

www.malankaralibrary.com


"കർത്താവിന്റെ ആലയത്തിലേക്കു നമുക്കു പോകാമെന്ന് അവർ പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു." സങ്കീർത്തനങ്ങൾ 122, 1. ഈ സങ്കീർത്തനം ചൊല്ലിക്കൊണ്ടാണ് ഒരു വിശ്വാസി ദേവാലയത്തിലേക്കുള്ള യാത്ര ആരംഭിക്കുന്നത്. പള്ളി കാണുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കുന്നു:"അപ്പോൾ ഞാൻ ദൈവത്തിന്റെ ബലിപീഠത്തിങ്കലേക്കു ചെല്ലും, എന്റെ പരമാനന്ദമായ ദൈവത്തിങ്കലേക്കുതന്നെ; ദൈവമേ, എന്റെ ദൈവമേ, കിന്നരംകൊണ്ട് അങ്ങയെ ഞാൻ സ്തുതിക്കും." സങ്കീർത്തനങ്ങൾ 43, 4. ദേവാലയ മുറ്റത്ത് പ്രവേശിക്കുമ്പോൾ ഈ വചനം ഉരുവിടുന്നു: "ഭീതിപൂണ്ട് അവൻ പറഞ്ഞു: ഈ സ്ഥലം എത്ര ഭയാനകമാണ്! ഇതു ദൈവത്തിന്റെ ഭവനമല്ലാതെ മറ്റൊന്നുമല്ല. സ്വർഗത്തിന്റെ കവാടമാണിവിടം." ഉൽപത്തി 28, 17. പള്ളിയിലേക്ക് പ്രവേശിക്കുമ്പോളിങ്ങനെ പ്രാർത്ഥിക്കുന്നു: 'കർത്താവേ അങ്ങയുടെ ഭവനത്തിലേക്ക് ഞാൻ പ്രവേശിച്ച് 'അവിടുത്തെ ജനത്തിന്റെ മുൻപിൽ കർത്താവിനു ഞാൻ എന്റെ നേർച്ചകൾ നിറവേറ്റും."സങ്കീർത്തനങ്ങൾ 116, 18

ഒരുക്ക ശുശ്രൂഷയുടെ ആദ്യഭാഗം മൽകിസദേക്കിന്റെ ക്രമം എന്നറിയപ്പെടുന്നു. അപ്പവും വീഞ്ഞും ത്രോണോസിന്മേൽ ക്രമപ്പെടുത്തുന്ന ശുശ്രൂഷയാണ് ഇത്. അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായ മൽക്കിസദേക്ക് അപ്പവും വീഞ്ഞും എടുത്തുകൊണ്ട് അബ്രഹാത്തെ എതിരേറ്റ സംഭവത്തെയാണ് ഇത് അനുസ്മരിക്കുന്നത് . (ഉല്പത്തി 14,17.) ഹെബ്രായാർക്കുള്ള ലേഖനത്തിൽ ക്രിസ്തുവിന്റെ മുൻരൂപമായാണ് മൽക്കിസദേക്ക് പരിഗണിക്കപ്പെടുന്നത്. മൽക്കിസദേക്കിന്റെ ക്രമ പ്രകാരം എന്നേക്കും ഉള്ള പുരോഹിതൻ' (ഹെബ്രാ 6,20; സങ്കീ 110, 4) എന്ന് നമ്മുടെ കർത്താവിനെ വിശേഷിപ്പിച്ചിരിക്കുന്നു. എന്നതിന്റെ അർത്ഥം സ്വജാതിയരായ ഇസ്രായേലിന്റെ മാത്രമല്ല, സകല ജനങ്ങളുടെയും പൗരോഹിത്യത്തിന്റെ പൂർണത യേശു മിശിഹായിലായിരിക്കുമെന്ന് മൽക്കിസദേക്കിന്റെ ക്രമം സൂചിപ്പിക്കുന്നു. നമ്മുടെ ജീവിതത്തിലെ സഹനങ്ങളെയും സന്തോഷങ്ങളെയും നിയോഗങ്ങളെയും സമർപ്പിക്കാനുള്ള സമയമാണിത്. അപ്പത്തോടും വീഞ്ഞിനോടും ചേർത്ത് നമ്മുടെ നിയോഗങ്ങൾ സമർപ്പിക്കണം.

**അഹറോന്റെ ക്രമം (Order of Aaron)**

രഹസ്യശുശ്രൂഷയിലെ രണ്ടാമത്തെ ക്രമത്തെ അഹറോന്റെ ക്രമം എന്ന് വിളിക്കുന്നു. വിശുദ്ധ കുർബാനയിലെ കാഴ്ച വസ്തുക്കൾ സമർപ്പിക്കുകയും തുടർന്ന് ധൂപം അണയ്ക്കുകയും ചെയ്യുന്നു. ഈ സമയമെല്ലാം മറയ്ക്കുള്ളിൽ ആണ് ശുശ്രൂഷകൾ നടത്തപ്പെടുന്നത്. ഈ ഭാഗത്തെ ഒന്നാം രഹസ്യമണിക്കൂർ എന്ന് വിളിക്കുന്നു. പഴയനിയമത്തിലെ മുഖ്യപുരോഹിതനായ അഹറോനെപ്പോലെ (സംഖ്യ. 16,41-50; പുറ 28,1-31) തിരുവസ്ത്രം ധരിച്ചാണ് പുരോഹിതൻ ഈ ക്രമത്തിലേക്ക് പ്രവേശിക്കുന്നത്. തിരുവസ്ത്രങ്ങൾ പൗരോഹിത്യ ശുശ്രൂഷയുടെ പ്രതീകമാണ്. പഴയനിയമത്തിൽ, അഹറോനും ലേവ്യകുടുംബത്തിലെ മറ്റ് പുരോഹിതന്മാരും തിരുവസ്ത്രം

www.malankaralibrary.com


ധരിക്കുകയും ധൂപം അർപ്പിക്കുകയും ചെയ്തിരുന്നു. (ഗാനം-അഹറോന്റെയുമാസ ്കറിയ തന്നുടെയും...). അഹറോനെപ്പോലെ വൈദികൻ തിരുവസ്ത്രങ്ങൾ അണിയുകയും യാഗവസ്തുക്കളുടെ മേൽ ധൂപം അർപ്പിക്കുകയും ചെയ്യുന്നു.

**4.2 പരസ്യ ശുശ്രൂഷ/വചന ശുശ്രൂഷ (Service of the Word of God- തുൽമോദോ)**

ഒരുക്ക ശുശ്രൂഷ കഴിയുമ്പോൾ മദ്ബഹായുടെ തിരശീല തുറന്ന് പരസ്യശുശ്രൂഷ ആരംഭിക്കുന്നു. തിരശീല തുറക്കുന്നത് കാത്തിരുപ്പിന്റെ സമയം അവസാനിച്ചുവെന്നും, പ്രീതിയോടെ കാത്തിരുന്ന ജനത്തെ രക്ഷിക്കാൻ മിശിഹാ പ്രത്യക്ഷനായെന്നും സൂചിപ്പിക്കുന്നു. അതോടൊപ്പം മനുഷ്യന്റെ പാപം മൂലം അടയ്ക്കപ്പെട്ട സ്വർഗ്ഗം തുറക്കപ്പെട്ടുവെന്നും, അദൃശ്യനായ ദൈവം തന്റെ സാന്നിധ്യത്തിലൂടെ ആരാധനാസമൂഹത്തിന് ദർശനം നൽകുന്നുവെന്നും സൂചിപ്പിക്കുന്നു. മനുഷ്യന്റെ പാപംമൂലം നഷ്ടപ്പെട്ട ദൈവ-മനുഷ്യ ബന്ധവും, മനുഷ്യർ തമ്മിലുള്ള ബന്ധവും പുനഃസ്ഥാപിക്കപ്പെടുന്നതിന്റെ അടയാളമായി തിരശ്ശീല തുറക്കുന്നു. ഇത് സ്വർഗ്ഗവും ഭൂമിയും തമ്മിൽ ഒന്നാകുന്നതിന്റെയും പ്രതീകമാണ്. യേശുവിന്റെ ജീവിതവുമായി ഏറെ ബന്ധപ്പെട്ട രണ്ട് പ്രധാന വ്യക്തികളെ - യേശുവിന് ജന്മം നൽകിയ പരിശുദ്ധ മറിയത്തെയും, യേശുവിന്റെ വരവിനെ മുന്നറിയിക്കുകയും യേശുവിന് മാമ്മോദീസ നൽകുകയും ചെയ്ത സ്നാപകയോഹന്നാനെയും - അനുസ്മരിച്ചുകൊണ്ടാണ് ഈ ശുശ്രൂഷ ആരംഭിക്കുന്നത്.

**മാർ സേവേറിയോസിന്റെ മാനീസാ**

'മാനീസാ' എന്ന സുറിയാനി പദത്തിന് 'സ്തുതിപ്പ്' എന്നാണർത്ഥം. 'മാതാ പരിശുദ്ധന്മാർ' എന്നു തുടങ്ങുന്ന ഈരടികൾ സഭയുടെ വിശ്വാസം പ്രഖ്യാപിക്കുന്ന അവസരമാണ്. ഇതിന്റെ ഗദ്യരൂപം 'സ്വഭാവപ്രകാരം മരണമില്ലാത്തവനും' എന്ന പ്രാർത്ഥനയായി കൊടുത്തിരിക്കുന്നു. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാര രഹസ്യങ്ങളെ സംബന്ധിച്ചാണ് മാർ സേവേറിയോസ് (+538) ഇവിടെ പാടിയിരിക്കുന്നത്.

**ത്രൈശുദ്ധ കീർത്തനം (Trisagion)**

ഏശയ്യാ പ്രവാചകന്റെ ദർശനത്തെയും യോഹന്നാന് ലഭിച്ച വെളിപാടിനെയും അടിസ്ഥാനമാക്കിയുള്ള പ്രാർത്ഥനയാണ് ത്രൈശുദ്ധ കീർത്തനം. "ദൈവമേ നീ പരിശുദ്ധനാകുന്നു' എന്ന പ്രാർത്ഥന പ്രാചീന രൂപത്തിൽ ത്രിത്വത്തെ സംബോധന ചെയ്തു കൊണ്ടുള്ളതായിരുന്നു. എന്നാൽ പാശ്ചാത്യ സുറിയാനി ക്രമത്തിൽ ഈ പ്രാർത്ഥന ക്രിസ്തുസ്തവമാണ്. (Christological hymn), കാരണം മനുഷ്യനായി പിറന്ന ക്രിസ്തുവിന്റെ ദൈവത്വത്തെ ഏറ്റുപറയുന്നതാണ് ഈ പ്രാർത്ഥന.

**കുറിയേലായിസോൻ (Threefold Kyrie - elaison)**

വിശുദ്ധ ഗ്രന്ഥത്തിലെ ഫലദായകമായ പ്രാർത്ഥനകളിൽ ഒന്നാണിത്. കർത്താവേ ഞങ്ങളോട് കരുണ ചെയ്യേണമേ എന്നാണ് ഇതിനർത്ഥം. കർത്താവേ

www.malankaralibrary.com


ഞങ്ങളോട് കരുണയായിരിക്കണമേ എന്ന അർത്ഥത്തിൽ മൂന്ന് പ്രാവശ്യം ചൊല്ലുന്ന കുറിയേലായിസാൻ പ്രാചീന ഗ്രീക്ക് ആരാധനയുടെ ഭാഗമാണ്. ഇത് ലത്തീൻ ആരാധനക്രമത്തിലും നിലനിൽക്കുന്നു. ത്രൈശുദ്ധകീർത്തനം കഴിഞ്ഞാലുടനെ മൂന്ന് പ്രാവശ്യം കുറിയേലായിസോൻ ചൊല്ലുന്നു..

**വേദപുസ്തക വായനകൾ**

പ്രാചീന യഹൂദ പാരമ്പര്യത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വചനവായനകൾ എല്ലാ ആരാധനക്രമത്തിലുമുണ്ട്. വചനത്തിലൂടെയാണ് ദൈവം തന്റെ ജനത്തോട് സംസാരിച്ചിരുന്നത്. വചനവായനകൾ ദൈവവചനത്തിന്റെ പ്രഖ്യാപനവും രക്ഷയുടെ സദ്വാർത്തയുമാണ്. അതോടൊപ്പം വിശ്വാസികൾക്ക് വിശ്വാസരഹസ്യങ്ങളിലേക്ക് ആഴമായി കടന്നുവരുവാനുള്ളപ്രബോധനവും കൂടിയാണ്. ഞായറാഴ്ചകൾക്കും തിരുന്നാളുകൾക്കും വി. ഗ്രന്ഥത്തിൽനിന്ന് ഏഴ് വായനകളാണുള്ളത്. പഴയനിയമത്തിൽ നിന്നുള്ള നാല് വായനകൾ വി. കുർബാനയുടെ പരസ്യശുശ്രൂഷയ്ക്ക് മുമ്പായി വായിക്കുന്നു. വി. കുർബാനമധ്യേ മൂന്ന് വായനകളാണുള്ളത്.

വി. കുർബാന മദ്ധ്യേ സുവിശേഷം വായിക്കുമ്പോൾ ക്രിസ്തു തന്നെയാണ് സംസാരിക്കുന്നത് എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. "അവിടുന്ന് തന്റെ വചനത്തിൽ സന്നിഹിതനാണ്. കാരണം ദൈവാലയങ്ങളിൽ വി. ഗ്രന്ഥങ്ങൾ വായിക്കുമ്പോൾ ക്രിസ്തുതന്നെയാണ് സംസാരിക്കുന്നത്. *'ഏവൻഗേലിയോൻ'* എന്ന പദത്തിന്റെ അർത്ഥം സദ്വാർത്ത എന്നാണ്. ആരാധനക്രമവത്സരത്തിലെ ഏഴ് കാലങ്ങളിലെ വായനകളിലൂടെ രക്ഷകര ചരിത്രത്തിലെ സുപ്രധാന സംഭവങ്ങളെ തിരുസഭ അനുസ്മരിക്കുന്നു. സുവിശേഷ വായനയ്ക്കുശേഷം ആ ദിവസത്തെയോ, കാലത്തെയോ, തിരുന്നാളിനെയോ അടിസ്ഥാനമാക്കിയുള്ള ഗീതം ആലപിക്കുന്നു. സുവിശേഷ വായനയ്ക്ക് ശേഷമുള്ള പ്രസംഗം വി. കുർബാനയുടെ അവിഭാജ്യമായ ഭാഗമാണ്.

**പ്രുമിയാൻ-ഹൂസോയോ-സെദറാ (Preumion-Husoyo-Sedro)**

വി. കുർബാനയിലെ പാപപരിഹാര പ്രാർത്ഥനകളാണിവ. പ്രുമിയോൻ എന്ന വാക്കിന്റെ അർത്ഥം ആമുഖം എന്നാണ്. 'ഹൂസോയോ' എന്ന വാക്കിന്റെ അർത്ഥം പാപപരിഹാരം എന്നാണ്. പാപമോചനം സ്വീകരിക്കാതെ വിശുദ്ധ രഹസ്യങ്ങളെ സമീപിക്കുവാൻ സാധിക്കുകയില്ല (ലേവ്യ. 19,2). കരുണാനിധിയായ ദൈവത്തിന്റെ ആർദ്ര സ്നേഹവും കരുണയും ഇവിടെ അനുസ്മരിക്കുന്നു.

**ധൂപക്കുറ്റി വാഴ്വും വിശ്വാസപ്രമാണവും (Blessing of the Censer and recitation the Creed)**

വചന ശുശ്രൂഷയിലൂടെയും പാപപരിഹാര പ്രാർത്ഥനയിലൂടെയും ദൈവജനത്തെ പാപത്തിൽനിന്നും വിടുവിച്ച് ഒരു വിശ്വാസ സമൂഹമായി രൂപപ്പെടുത്തുകയും, ആ ജനം വിശ്വാസത്തിന്റെ ഏറ്റം പരമമായ വിശ്വാസപ്രമാണം ചൊല്ലികൊണ്ട് ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായി മാറുന്ന ഭാഗമാണ്

www.malankaralibrary.com



തുടർന്നുള്ളത്. ധൂപക്കുറ്റി വാഴ്‌വോടെ അത് ആരംഭിക്കുന്നു. ത്രിത്വക ദൈവത്തിന്റെ പരിശുദ്ധിയും ആ ദൈവത്തിലുള്ള വിശ്വാസവും ഏറ്റുപറയുന്നതാണ് അനുസ്മരിക്കുന്നത്. ഇതോടൊപ്പം യേശുവിന്റെ മാമോദീസായും അനുസ്മരിക്കുന്നു. പരിശുദ്ധ ത്രിത്വത്തിന്റെ വെളിപ്പെടുത്തലായിരുന്നല്ലോ യേശുവിന്റെ മാമോദീസപിതാവ് ശബ്ദത്തിന്റെ രൂപത്തിലും പുത്രൻ ശരീരപ്രകാരം ജലത്തിൽ നിന്നുകൊണ്ടും പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിലും ലോകത്തിന് വെളിപ്പെട്ടു (മത്താ.3,13-17). ധൂപക്കുറ്റി വാഴ് ആരാധനാസമൂഹത്തെ വാഴ്ത്തുന്ന ശുശ്രൂഷയാണ്. ധൂപക്കുറ്റി സഭയെയും ലോകത്തെയും പ്രതിനിധാനം ചെയ്യുന്നു. ധൂപക്കുറ്റി വാഴ്‌വ് പ്രതീകാത്മകമായ ശുശ്രൂഷയാണ്. ധൂപക്കുറ്റിയുടെ 4 ചങ്ങലകൾ പരി. ത്രിത്വത്തെ സൂചിപ്പിക്കുന്നു - ഒന്നാമത്തെ ചങ്ങല പിതാവായ ദൈവത്തെയും, രണ്ടാമത്തെയും മൂന്നാമത്തെയും ചങ്ങലകൾ ക്രിസ്തുവിന്റെ 2 സ്വഭാവങ്ങളെയും (ദൈവത്വവും മനുഷ്യത്വവും) നാലാമത്തെ ചങ്ങല പരിശുദ്ധാത്മാവിനെയും പ്രതീകപ്പെടുത്തുന്നു. ഓരോ ചങ്ങലയിലും 18 കണ്ണികൾ ഉണ്ട്. നാല് ചങ്ങലകളിലായുള്ള 72 കണ്ണികൾ 72 അറിയിപ്പുകാരെ സൂചിപ്പിക്കുന്നു. ഓരോ ചങ്ങലയിലും 3 മണികളുൾപ്പെടെ നാല് ചങ്ങലകളിലായുള്ള12 മണികൾ 12 അപ്പസ്തോലന്മാരെ സൂചിപ്പിക്കുന്നു. ധൂപക്കുറ്റിയുടെ അടിത്തട്ട് ഭൂമിയെയും, മേൽത്തട്ട് സ്വർഗ്ഗത്തെയും സൂചിപ്പിക്കുന്നു. അടിത്തട്ടിലുള്ള കരി, പാപികളായ മനുഷ്യരെയും അഗ്നി പരിശുദ്ധാത്മാവിനെയും സൂചിപ്പിക്കുന്നു. കുന്തിരിക്കം വിശ്വാസികളുടെ വിശ്വാസം, ശരണം, സ്നേഹം എന്നീ പുണ്യങ്ങളെ അടയാളപ്പെടുത്തുന്നു. പുക മേല്പോട്ടുയരുന്നതുപോലെ വിശ്വാസികളുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിലേക്ക് ഉയരുന്നു (സങ്കീ. 141,2). വിശുദ്ധ ബൈബിളിലെ വിശ്വാസ സത്യങ്ങളുടെ സംക്ഷിപ്തരൂപമാണ് വിശ്വാസപ്രമാണം. വിശ്വാസപ്രമാണത്തിൽ 12 വിശ്വാസ സത്യങ്ങളാണ് നാം പ്രഖ്യാപിക്കുന്നത്.

1) സർവ്വശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും സൃഷ്ടാവുമായ ദൈവത്തിലുള്ള വിശ്വാസം 2) ദൈവത്തിന്റെ ഏകപുതനായ യേശുക്രിസ്തുവിലുള്ള വിശ്വസം. 3) അവിടുന്ന് പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി കന്യകമറിയാമിൽ നിന്നു പിറന്നു പൊന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡയനുഭവിക്കുകയും ക്രൂശിക്കപ്പെടുകയും മരിക്കുകയും സംസ്കരിക്കപ്പെടുകയും ചെയ്തു. 5) പാതാളത്തിൽ ഇറങ്ങി മരിച്ചവരുടെയിടയിൽ നിന്ന് മൂന്നാം നാൾ ഉയിർത്തു. സ്വർഗ്ഗാരോഹണം ചെയ്തു പിതാവിന്റെ വലതുഭാഗത്തിരിക്കുന്നു. 7) ജീവിക്കുന്നവയും മരിച്ചവരെയും വിധിക്കുവാൻ വീണ്ടും വരും. 8) പരിശുദ്ധാത്മാവിന്റെ വിശ്വസിക്കുന്നു. വിശുദ്ധ കത്തോലിക്കാസഭയിൽ ഞാൻ വിശ്വസിക്കുന്നു. പാപമോചനത്തിനുള്ള മാമ്മോദീസ ഒന്നു മാതയുള്ളൂവൻ ഞാൻ വിശ്വസിക്കുന്നു. 11) ശരീരത്തിന്റെ ഉയിർപ്പിൽ ഞാൻ വിശ്വസിക്കുന്നു. 12) നിത്യജീവനിലും പുണ്യവാന്മാരുടെ കൂട്ടായ്മയിലും ഞാൻ വിശ്വസിക്കുന്നു. എ.ഡി 473ൽ പത്രോസ് ക്രിസോലഗസ് പാത്രിയാർക്കീസ് ആണ് വിശ്വാസപ്രമാണത്തെ വിശുദ്ധ കുർബാനയുടെ

www.malankaralibrary.com


ഭാഗമാക്കിയത്. തുടർന്ന് ബലിയർപ്പണ ശുശ്രൂഷയ്ക്കുള്ള ആമുഖ ഗീതം (യാചിക്കേണ്ടും സമയമിതാ...) ആലപിക്കുന്നു.

**4.3 ബലിയർപ്പണം (ദെബഹോ)**

വിശുദ്ധ കുർബാനയുടെ അതിപ്രധാന ഭാഗമാണ്. വിശ്വാസികളുടെ ബലി ആരംഭിക്കുന്നത് ഇവിടെയാണ്. വിശുദ്ധ കുർബാനയുടെ അനാഫുറ ഇവിടെ തുടങ്ങുന്നു. ഗ്രീക്കു ഭാഷയിൽ നിന്ന് സുറിയാനി ഭാഷ കടമെടുത്ത പദമാണ് അനാഫൊറ, 'അനാഫെറെയിൻ' എന്ന ഗ്രീക്കു ധാതുവിൽനിന്ന് രൂപംകൊണ്ടതാണ് ഇത്. മേൽപോട്ട് ഉയർത്തുക എന്നതാണ് വാച്യാർത്ഥം. എന്നാൽ കൊണ്ടുവരിക, സമർപ്പിക്കുക എന്നൊക്കെ വിവക്ഷയുണ്ട്. കാഴ്ച വസ്തു ദൈവസന്നിധിയിലേക്ക് ഉയർത്തുന്നതാണല്ലോ ആരാധന. വൈദികൻ ദർഗയിലേക്ക് പ്രവേശിക്കുന്നത് ഈശോമിശിഹാ സെഹിയോൻ മാളികയിൽ പ്രവേശിച്ചതിനെ സൂചിപ്പിക്കുന്നു. അഫുറയിലെ 33 പ്രാർത്ഥനകൾ ഈശോയുടെ ദൈവത്വത്തെയും 33 പ്രാർത്ഥനകൾ ഈശോയുടെ മനുഷ്യത്വത്തെയും അടയാളപ്പെടുത്തുന്നതാണ്.

സമാധാന പ്രാർത്ഥനയോടെയാണ് ഈ ഭാഗം ആരംഭിക്കുന്നത്. ബലിയർപ്പിക്കാനുള്ള അടിസ്ഥാന യോഗ്യത സഹോദരങ്ങളോടുള്ള രമ്യതയാണ്. വിശുദ്ധ കുർബാന യഥാർത്ഥത്തിൽ അനുഗ്രഹവും സമാധാനവും ബലിയും സ്തോത്രവും ആണ്. 'നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ, നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെവച്ച് ഓർത്താൽ, കാഴ്ചവസ്തു അവിടെ ബലിപീഠത്തിനു മുമ്പിൽ വച്ചിട്ട് പോയി സഹോദരനോടു രമ്യതപ്പെടുക; പിന്നെ വന്നു കാഴ്ചയർപ്പിക്കുക.' (മത്താ 5,23)

ബാഹ്യമായ സമാധാനം കൈമാറൽ ആരാധനയിലൂടെ സംലഭ്യമാകുന്ന ആന്തരിക സമാധാനത്തിന്റെയും രമ്യതയുടെയും പ്രതീകമാണ്. ഈ സമാധന ചുംബനത്തിന്റെ അർത്ഥം മോസസ് ബർ കേഫാ ഇപ്രകാരം വിവരിക്കുന്നു;ബാഹ്യമായി നാം ആശ്ലേഷിക്കുന്നതുവഴി ആന്തരികമായി നമ്മുടെസ്നേഹവും ഐക്യവും നാം പ്രകടിപ്പിക്കുന്നു. "നിങ്ങൾ പരസ്പരം സ്നേഹിക്കു വിൻ. ഞാൻ നിങ്ങളെ സ് നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ് നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യൻമാരാണെന്ന് അതുമൂലം എല്ലാവരും അറിയും". യോഹ. 13, 35. "വിശുദ്ധ ചുംബനംകൊണ്ട് അന്യോന്യം അഭിവാദനം ചെയ്യുവിൻ. വിശുദ് ധരെല്ലാവരും നിങ്ങളെ അഭിവാദനംചെയ്യുന്നു." 2 കോറി 13,12. തുടർന്ന് തലകൾ വണങ്ങിയുള്ള പ്രാർത്ഥന. ഇത് പൂർവപിതാവായ യാക്കോബ് ജോസഫിന്റെ മക്കളെ അനുഗ്രഹിച്ചതിനെ സൂചിപ്പിക്കുന്നു. "അപ്പോൾ ജോസഫ് കുട്ടികളെ അവന്റെ അടുത്തുനിന്നു മാറ്റിയിട്ടു നിലംപറ്റെ കുനിഞ്ഞു നമസ്കരിച്ചു. ജോസഫ് എഫ്രായിമിനെ തന്റെ വലത്തു കൈകൊണ്ടു പിടിച്ച് ഇസ്രായേലിന്റെ ഇടത്തു കൈക്കു നേരെയും, മനാസ്സെയെ ഇടത്തു കൈകൊണ്ടു പിടിച്ച് ഇസ്രായേലിന്റെ വലത്തുകൈക്കു

www.malankaralibrary.com


നേരെയും നിർത്തി അവന്റെയടുത്തേക്കു കൊണ്ടുചെന്നു. എന്നാൽ, ഇസ്രായേൽ കൈകൾപിണച്ച് വലംകൈ ഇളയവനായ എഫ്രായിമിന്റെ തലയിലും ഇടംകൈ മനാസ്സെയുടെ തലയിലും ആണു വച്ചത്. മനാസ്സെയായിരുന്നുവല്ലോ കടിഞ്ഞൂൽപുത്രൻ.' ഉൽപത്തി 48, 12-14.

**ആശീർവാദ പ്രാർത്ഥന (Prayer of Blessing)**

സമാധാന പ്രാർത്ഥനയ്ക്ക് ശേഷം വി. കുർബാനയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി അനുഗ്രഹം യാചിക്കുന്ന പ്രാർത്ഥനയാണിത്.

ഇതിനെ കൈവയ്പ്പിന്റെ പ്രാർത്ഥനയെന്നും ജനങ്ങളുടെ മേലുള്ള പ്രാർത്ഥനയെന്നും പറയുന്നു. 'കരുണയുള്ള കർത്താവിന്റെ മുമ്പാകെ നാം തലകുനിക്കണം' എന്നുള്ള ശുശ്രൂഷകന്റെ ആഹ്വാനം സമ്പൂർണ്ണ സമർപ്പണത്തെ സൂചിപ്പിക്കുന്നു.

**ശോശപ്പാ ആഘോഷം (Prayer of the Veil)**

വിശുദ്ധ രഹസ്യങ്ങൾ ഉൾക്കൊള്ളുന്ന കാസായും പീലാസായും മൂടിയിരിക്കുന്ന പട്ടുതുണിയാണ് ശോശപ്പാ. ശോശപ്പാ ആഘോഷത്തിന്റെ അർത്ഥത്തെപ്പറ്റി വി. ജോൺ ക്രിസോസ്റ്റം ഇപ്രകാരം പറയുന്നു. വിശുദ്ധ ത്രോണോസ് ക്രിസ്തുവിന്റെ കബറിടത്തിന്റെ സ്ഥാനം വഹിക്കുന്നു. കാസായുടെയും പീലാസായുടെയും മേൽ വിരിക്കുന്ന ശോശപ്പാ നമ്മുടെ കർത്താവിന്റെ കബറിൽ മുദ്രവയ്ക്കപ്പെട്ട കല്ലിന്റെ പ്രതീകമാണ്. ശോശപ്പാ ആഘോഷിക്കുമ്പോൾ കാർമ്മികൻ രഹസ്യമായി ചൊല്ലുന്ന പ്രാർത്ഥനയിൽ ഈ ആശയമാണ് അടങ്ങിയിരിക്കുന്നത്. ഇസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങൾക്ക് പന്ത്രണ്ട് നീരുറവകൾ ഒഴുക്കി കൊടുത്ത തീക്കൽപ്പാറ നീയാകുന്നു, നമ്മുടെ രക്ഷകന്റെ കബറിങ്കൽ വയ്ക്കപ്പെട്ട തീക്കൽപ്പാറയും നീ തന്നെയാകുന്നു'.

ശോശപ്പാ ആഘോഷത്തിന്റെ മറ്റൊരു ദൃഷ്ടാന്തം യാക്കോബ് ബഥേലിൽ കണ്ട ഗോവണിയാണ് (ഉല്പ. 28,12). ഈ ഗോവണിയിലൂടെ മാലാഖമാർ ഭൂമിയിലേക്ക് ഇറങ്ങുകയും സ്വർഗ്ഗത്തിലേക്ക് കയറുകയും ചെയ്തതുപോലെ നമ്മുടെ കർത്താവിന്റെ പീഡാനുഭവവും മരണവും ഉത്ഥാനവും വഴി നാം സ്വർഗ്ഗീയ ജറുസലേമിലേക്ക് ആരോഹണം ചെയ്യുകയും സ്വർഗ്ഗീയർ നമ്മുടെ ഇടയിലേക്ക് അവരോഹണം ചെയ്യുകയും ചെയ്തിരിക്കുന്നു. ഇക്കാരണത്താലാണ് ശോശക്കാ മുകളിലോട്ടും താഴോട്ടും ചലിപ്പിക്കുന്നത്.

**ശ്ലൈഹീക ആശീർവാദം (Pauline Apostolic Blessing)**

വി. കുർബാനയ്ക്ക് സമ്മേളിച്ചിരിക്കുന്ന വിശ്വാസികളെ പരിശുദ്ധ ത്രിത്വത്തിന് ഭരമേല്പിച്ചുകൊണ്ട് കാർമ്മികൻ ശ്ലൈഹീക ആശീർവാദം നല്കുന്നു. പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകജാതന്റെ കൃപയും പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും ആവാസവും എന്റെ സഹോദരങ്ങളെ നിങ്ങളെല്ലാവരോടുകൂടെ ഉണ്ടായിരിക്കട്ടെ എന്ന പ്രാർത്ഥന ശ്ലൈഹീക ആശീർവാദം തന്നെയാണ്. വി. പൗലോസ് ശ്ലീഹാ കൊറിന്തോസിലെ

www.malankaralibrary.com


സഭയെ അഭിവാദ്യം ചെയ്ത വാക്കുകളെ ആസ്പദമാക്കിയാണിത് രൂപപ്പെട്ടത് (2 കൊരി. 13,13) , വി.കുർബാന ത്രിത്വകേന്ദ്രീകൃതമാണെന്ന് ഈ ആശീർവാദം സൂചിപ്പിക്കുന്നു. മോസസ് ബർ കേഫാ ശ്ലൈഹീക ആശീർവാദത്തെ ഇപ്രകാരം വ്യാഖ്യാനിക്കുന്നു: "പിതാവായ ദൈവത്തിന്റെ സ്നേഹം" എന്നു പറയുന്നതുവഴി ശ്ലീഹാ പ്രസ്താവിക്കുന്നതുപോലെ ദൈവം നമുക്കുവേണ്ടി സ്നേഹം മൂലം തന്റെ പുത്രനെ മരണത്തിന് കൈയ്യാളിച്ചു എന്നത് വ്യക്തമാക്കുന്നു.

**ഹൃദയങ്ങൾ ദൈവത്തിങ്കലേക്ക് ഉയർത്തൽ (Elevation of Heart)**

'ഈ സമയത്ത് നാമെല്ലാവരുടെയും ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്ത് മിശിഹാതമ്പുരാൻ ഇരിക്കുന്ന മഹോന്നതങ്ങളിൽ ആയിരിക്കണം' എന്നുപറഞ്ഞുകൊണ്ട് തുറക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗത്തിലേക്ക് സമൂഹത്തിന്റെ ശ്രദ്ധ ക്ഷണിക്കുന്നു (സങ്കീ. 110,1; റോമ 8,34; എഫേ1,20; ഹെബ്രാ. 1,3; 8,1; 10,12; 1 പത്രോ. 3,22 ; വെളി. 3,21). ക്രിസ്തുവിനോടൊപ്പം നിങ്ങൾ ഉയിർപ്പിക്കപ്പെട്ടെങ്കിൽ ദൈവത്തിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന ക്രിസ്തു വസിക്കുന്ന ഉന്നതങ്ങളിലുള്ളവയെ അന്വേഷിക്കുവിൻ (കൊളോ. 3,1-2). ഭൂമിയിലുള്ള വസ്തുക്കളിലല്ല, പ്രത്യുത ഉന്നതത്തിലുള്ളവയെ ശ്രദ്ധിക്കുവിൻ. വി. സിപ്രിയാൻ പ്രാർത്ഥനയെപ്പറ്റിയുള്ള തന്റെ ലേഖനത്തിൽ ഓരോ പ്രാർത്ഥനയും ആരംഭിക്കേണ്ടത് ഹൃദയങ്ങളെ സ്വർഗ്ഗത്തിലേക്ക് ഉയർത്തി ആയിരിക്കണമെന്ന് പഠിപ്പിക്കുന്നു. നമ്മുടെ ശിരസ്സായ ക്രിസ്തു സ്വർഗ്ഗത്തിലാകയാൽ അവിടെത്തന്നെ നമ്മുടെ ഹൃദയവും ആയിരിക്കണമെന്ന് വി. അഗസ്തിനോസും പഠിപ്പിക്കുന്നു.

ഈ സമയത്ത് ഹൃദയങ്ങൾ ഉയർത്തുന്നതിന്റെ പ്രതീകമായിട്ടാണ് കാർമ്മികൻ ദൃഷ്ടികൾ സ്വർഗ്ഗത്തിലേക്ക് ഉയർത്തുകയും (മത്താ. 14,19; മർക്കോ. 6,41; ലൂക്കാ. 9,16) ഇരുകരങ്ങളും മുകളിലേക്ക് ഉയർത്തുകയും (സങ്കീ. 63,4 ; 141,2) ചെയ്യുന്നത്.

**ദൈവത്തിനു നന്ദി (എവുക്കരിസ്തിയ)**

'എവുക്കരിസ്തിയ' എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം കൃതജ്ഞതാ പ്രകാശനം എന്നാണ് (1 കൊരി 11,24; ലൂക്കാ. 22,19). എല്ലാ അനാഫൊറയിലെയും സുപ്രധാന ഘടകം കൃതജ്ഞതാ പ്രകാശനമാണ്. ഇതിനായാണ് കാർമ്മികൻ ദൈവജനത്തെ ഭയഭക്തിയോടെ കർത്താവിനെ സ്തോത്രം നൽകാൻ ക്ഷണിക്കുന്നത്. സ്തോത്രം എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുക സ്തുതിയും കൃതജ്ഞതയുമാണ്. 'നൗദെ' എന്ന സുറിയാനി പദമാണ് ഇവിടെ ഉപയോഗിക്കുക. ഇതിന് രണ്ട് അർത്ഥമുണ്ട്. ഒന്നാമതായി, പ്രഘോഷിക്കുക, ആഘോഷിക്കുക, സ്തുതിക്കുക, മഹത്വപ്പെടുത്തുക എന്നാണ് അർത്ഥമാക്കുന്നത്. രണ്ടാമതായി നന്ദി പറയുക എന്നതാണ്. തുടർന്നുള്ള പ്രാർത്ഥനയിൽ മിശിഹാ നമ്മെ രക്ഷിച്ചതിനെ പ്രതിയും നമ്മുടെ വിശുദ്ധീകരണത്തെ പ്രതിയും കൃതജ്ഞത അർപ്പിക്കുന്നു. ആരാധനയുടെ രണ്ട് സുപ്രധാന ഘടകങ്ങളാണ് ദൈവമഹത്വവും മനുഷ്യവിശുദ്ധീകരണവും.

www.malankaralibrary.com


**മാലാഖമാരുടെ സ്തുതിപ്പ് (The Sanctus)**

എവുക്കരിസ്തിയ പ്രാർത്ഥനയെ തുടർന്നുള്ള പ്രധാനപ്പെട്ട ഭാഗമാണ് മാലാഖമാരുടെ സ്തുതിപ്പ്. പ്രപഞ്ചത്തോടും (Cosmic Liturgy) സ്വർഗ്ഗീയ ഗണങ്ങളോടും (Heavenly Liturgy) ചേർന്ന് തീർത്ഥാടകരായ നാമും ദൈവത്തെ സ്തുതിക്കുവാനുള്ള (Earthly Liturgy) ആഹ്വാനമാണ് പുരോഹിതൻ നടത്തുക. മാലാഖമാരുടെ സ്തുതിപ്പ് യഹൂദ പാരമ്പര്യത്തിൽ നിന്നും ഉടലെടുത്തതാണ്. സിനഗോഗ് ആരാധനയിൽ രാവിലെയും ഉച്ചയ്ക്കും വൈകിട്ടും ഉള്ള പ്രാർത്ഥനകളിൽ ഏശയ്യായുടെ ദർശനവും സെറാഫുകളുടെ ഗീതവും ചൊല്ലിയിരുന്നതായി കാണാം. വെളിപാട് പുസ്തകം നാലാം അദ്ധ്യായം 6 മുതൽ 8 വരെയുള്ള വാക്യങ്ങളിൽ മാലാഖമാരുടെ സ്തുതിപ്പ് കാണാം. ഈ കീർത്തനത്തിലൂടെ വി. കുർബാനയുടെ സ്വർഗ്ഗീയ ഭാവത്തെ സൂചിപ്പിക്കുന്നു. മനുഷ്യൻ മാലാഖമാരുടെ കൂടെ സിംഹാസനത്തിന്റെ അരികിൽ നില്ക്കുന്നതും സ്വർഗ്ഗീയ അനുഭവത്തിൽ പങ്കാളിയാകുന്നതും ഈ ശുശ്രൂഷ അർത്ഥമാക്കുന്നു.

പരിശുദ്ധൻ എന്ന് മൂന്ന് പ്രാവശ്യം പറയുന്നതും ദൈവമായ കർത്താവെന്ന് ഒരു പ്രാവശ്യം പറഞ്ഞിരിക്കുന്നതും ഏകദൈവം മൂന്നായി പ്രഘോഷിക്കപ്പെടുന്നു എന്ന് കാണിക്കുവാനാണ്. മാലാഖമാർ ചിറകുകൾ വിരിച്ച് പറന്നുകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുന്നതുപോലെ വൈദികൻ കൈവിരിച്ച് പിടിച്ചുകൊണ്ട് പ്രാർത്ഥന ചൊല്ലുന്നു. ഈ സന്ദർഭത്തിൽ മാത്രമെ പട്ടക്കാരൻ കൈകൾ വിരിച്ച് പിടിച്ച് പ്രാർത്ഥിക്കുന്നുള്ളൂ. മറ്റ് അവസരങ്ങളിൽ അനുഗ്രഹദായകനായ ദൈവത്തോട് യാചിക്കുന്നു എന്ന് സൂചിപ്പിക്കുവാൻ കൈകൾ മലർത്തി നീട്ടി പിടിച്ചാണ് പ്രാർത്ഥിക്കുന്നത്. വി. കുർബാന സ്വർഗ്ഗീയ ആരാധനയുടെ മുന്നാസ്വാദനമാണെന്ന് ഇത് സൂചിപ്പിക്കുന്നു. പരിശുദ്ധൻ എന്ന കീർത്തനം ജനം ചൊല്ലുമ്പോൾ കാർമ്മികൻ രഹസ്യപ്രാർത്ഥന നടത്തി രക്ഷാകര ചരിത്രം അനുസ്മരിക്കുന്നു. ഇതിന്റെ തുടർച്ചയായി വി. കുർബാന സ്ഥാപനവിവരണം വൈദികൻ ഉച്ചത്തിൽ ചൊല്ലുന്നു.

**സ്ഥാപനവചനങ്ങൾ (The Institution Narrative)**

മർക്കോസിന്റെ മാളികയിൽ അന്ത്യത്താഴ വേളയിൽ യേശു ചെയ്ത കാര്യങ്ങളും പറഞ്ഞ വാക്കുകളുമാണ് സ്ഥാപനവചനങ്ങളിൽ നാം കാണുക. പുരോഹിതൻ യേശുവിന്റെ സ്ഥാനത്ത് നിന്നുകൊണ്ട് അപ്പമെടുത്ത് ആശീർവദിക്കുന്നു. ഇവിടെ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരവും പെസഹാരഹസ്യങ്ങളും ഓർമ്മിക്കപ്പെടുന്നു.

- അപ്പം എടുത്തു- പരിശുദ്ധ കന്യകമറിയത്തിൽ നിന്നുള്ള യേശുവിന്റെ മനുഷ്യാവതാരം.
- സ്വർഗത്തിലേക്ക് കണ്ണുകൾ ഉയർത്തി-പിതാവായ ദൈവത്തിന്റെ അനുവാദം അഭ്യർത്ഥിക്കുന്നു.
- വാഴ്ത്തി, ശുദ്ധീകരിച്ച് - ലോകത്തിനുവേണ്ടി ശുദ്ധീകരിക്കപ്പെടുന്ന ശരീരം.
- അപ്പം മുറിച്ച് - പീഡാസഹനവും മരണവും ഓർമ്മിക്കപ്പെടുന്നു.
- ശിഷ്യന്മാർക്ക് നൽകി- വിശ്വാസസമൂഹത്തിന് ഭരമേല്പിച്ചു

www.malankaralibrary.com


സ്ഥാപനവചനത്തിൽ നാല് ക്രിയകൾ നമുക്ക് കാണാം എടുത്തു, വാഴ്ത്തി, മുറിച്ചു. കൊടുത്തു ഇത് സൂചിപ്പിക്കുന്നത് വിശുദ്ധ കുർബാന കേവലം ഓർമ്മയാചരണം മാത്രമല്ല, ദിവസം തോറുമുള്ള ബലിയും ആഘോഷവും ഓരോ ദിവസവും കർത്താവ് നമുക്ക് നല്കുന്നതുമാണ് അതുപോലെ അവൻ പാനപാത്രവും എടുത്തു പറഞ്ഞു 'നിങ്ങൾക്കായി ചൊരിയപ്പെടുന്ന' യേശു എല്ലാവർക്കുമായി തന്റെ രക്തം ചൊരിഞ്ഞു. ക്രിസ്തുവിന്റെ ശരീരവും രക്തവും നിത്യജീവനും പാപമോചനത്തിനുമുള്ളതാണ്. രണ്ട് ഗണം സ്ഥാപനവചനങ്ങളുണ്ട് ഒന്ന് സുറിയാനി അനാഫൊറയിൽ നിന്നും മറ്റൊന്ന് ഗ്രീക്ക് അനാഫൊറയിൽ നിന്നും എടുത്തതാണ്. തിരുസഭ പഠിപ്പിക്കുന്നത് സ്ഥാപനവചനങ്ങളിലൂടെ തന്നെ അപ്പവും വീഞ്ഞും കർത്താവിന്റെ തിരുശരീരരക്തങ്ങളായി രൂപാന്തരപ്പെടുന്നു (Transubstantiation).

പരിശുദ്ധാത്മാവിന്റെ ആവാസത്തിലൂടെയാണ് വിശുദ്ധ ശരീരവും രക്തവുമായി രൂപാന്തരപ്പെട്ട് പൂർത്തിയാക്കപ്പെടുന്നത്. 'പരിശുദ്ധാത്മാവ് ഈ അപ്പത്തെ ഞങ്ങളുടെ ദൈവമായ മിശിഹായുടെ ശരീരമാക്കി പൂർത്തിയാക്കട്ടെ..... പരിശുദ്ധാത്മാവ് ഈ കാസായിലെ മിശ്രിതത്തെ ഞങ്ങളുടെ ദൈവമായ മിശിഹായുടെ രക്തമാക്കി പൂർത്തിയാക്കട്ടെ' എന്ന പ്രാർത്ഥനയിലൂടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വ്യക്തമാക്കപ്പെടുന്നു.

**കല്പനാനുസ്മരണം (Anamnesis)**

*'അനംനേസിസ്'*'എന്ന പദത്തെ വർത്തമാനകാലീകരണം എന്ന് വിവർത്തനം ചെയ്യുന്നതാണ് ഉത്തമം. അന്ത്യ അത്താഴത്തിനുശേഷം യേശുമിശിഹാ അപ്പസ്തോലന്മാരോട് കല്പിച്ചു. 'ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ', സ്ഥാപന വചനങ്ങളുടെ സമാപനഭാഗത്താണ് ഈ അനുസ്മരണം. മിശിഹായുടെ ജനനം, പരസ്യജീവിതം, മരണം, കബറടക്കം, ഉത്ഥാനം, സ്വർഗ്ഗാരോഹണം, രണ്ടാമത്തെ വരവ് ഇവയെല്ലാം ഓർമ്മിക്കുന്ന സ്ഥലമാണിത്.

**റൂഹാക്ഷണ പ്രാർത്ഥന (Epiclesis)**

എല്ലാ കൂദാശകളെയും പൂർത്തീകരിക്കുന്നത് പരിശുദ്ധാത്മാവാണ്. ശുശ്രൂഷകൻ റൂഹായുടെ ആവാസത്തെക്കുറിച്ച് പ്രഖ്യാപനം നടത്തുമ്പോൾ പുരോഹിതൻ കൈ ചലിപ്പിച്ചുകൊണ്ട് നടത്തുന്ന രഹസ്യപ്രാർത്ഥനയിൽ ബലിവസ്തുക്കളിലും ആരാധകസമൂഹത്തിന്റെ മേലും റൂഹായെ അയക്കണമെ എന്ന് പ്രാർത്ഥിക്കുന്നു. തുടർന്ന് വൈദികൻ നടത്തുന്ന പ്രാർത്ഥനയിൽ വിശ്വാസികളെ പരിശുദ്ധാത്മാവിനാൽ നിറയ്ക്കാൻ പ്രാർത്ഥിക്കുന്നു.

**മദ്ധ്യസ്ഥ പ്രാർത്ഥന (Intercessory Prayers)**

മദ്ധ്യസ്ഥ പ്രാർത്ഥന റൂഹാക്ഷണ (Epiclesis) പ്രാർത്ഥനയ്ക്ക് ശേഷം വരുന്ന സുപ്രധാന ഘടകമാണ്. ഇതിനെ 'തുബ്ദേൻ' എന്ന് പറയുന്നു. തുബ്ദേൻ എന്ന സുറിയാനി പദത്തിന്റെയർത്ഥം 'എന്നാൽ വീണ്ടും' എന്നാണ്. ശെമ്മാശൻ ചൊല്ലുന്ന ആറു

www.malankaralibrary.com


പ്രാർത്ഥനകളിൽ രണ്ടാമത്തേത് മുതൽ തുബ്ദേൻ' (വീണ്ടും) എന്ന വാക്കിൽ ആരംഭിക്കുന്നതുകൊണ്ട് ഈ പേരിൽ വിളിക്കപ്പെടുക. സുറിയാനി സഭയിൽ ഇതിനെ സൂചിപ്പിക്കാൻ "ദിപ്തികസ്" (Diptychs) 'കാനോൻ' അനുസ്മരണം (മെസ്അഹദോസൂസ്) എന്നീ പേരുകളാണ് സാധാരണ ഉപയോഗിക്കുക. ജീവിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടിയുള്ള വലിയ അനുസ്മരണങ്ങളാണ് മദ്ധ്യസ്ഥ പ്രാർത്ഥനകൾ, 6 മദ്ധ്യസ്ഥ പ്രാർത്ഥനകളിൽ ആദ്യ മൂന്നെണ്ണം ജീവിച്ചിരിക്കുന്നവർക്കും, പിന്നീടുള്ള മൂന്നെണ്ണം മരിച്ചവർക്കും വേണ്ടിയുള്ളതാണ്. ശുശ്രൂഷകൻ ഉറക്കെ ചൊല്ലുന്ന 6 പ്രാർത്ഥനകളും കൂടാതെ വൈദികൻ രഹസ്യമായും പരസ്യമായും ചൊല്ലുന്ന 12 പ്രാർത്ഥനകളും ചേർത്ത് 18 പ്രാർത്ഥനകൾ ഇതിലുണ്ട്. സഭാമക്കളെയും, സഭയെ നയിക്കുന്നവർ, രോഗികൾ, പീഡിതർ, അനാഥർ, ദുഃഖിതർ, ഭരണാധികാരികൾ പരി. ദൈവമാതാവ്, സത്യവിശ്വാസം പഠിപ്പിച്ച പിതാക്കന്മാർ, മരിച്ച വിശ്വാസികൾ ഇവരെയും പ്രത്യേകമായി ഇവിടെ ഓർക്കുന്നു. കാർമ്മികൻ സമാധാനം ആശംസിച്ച് മഹോന്നത ദൈവവും നമ്മുടെരക്ഷകനുമായ യേശുമിശിഹായുടെ നാമത്തിൽ ജനത്തെ ആശീർവദിച്ച് ഈ ഭാഗം അവസാനിപ്പിക്കുന്നു.

**4.4 ബലിവിരുന്ന് (മെശ്തൂസോ - Eucharistic Meal)**

**ഖണ്ഡന ശുശ്രൂഷ (Service of Fraction)**

വി. ബലിയിലെ ഏറ്റവും ഫലദായകമായ സമയമാണിത്. യേശുമിശിഹായുടെ കുരിശിലെ മരണം നാം ഇവിടെ അനുസ്മരിക്കുകയാണ്. അപ്പം മുറിക്കുക എന്ന കർമ്മം യഹൂദ ഭക്ഷണക്രമത്തിലെ സുപ്രധാന ഘടകമായിരുന്നു. പുതിയ നിയമത്തിൽ വി. കുർബാനയെ അപ്പം മുറിക്കൽ ശുശ്രൂഷ എന്നാണ് വിശേഷിപ്പിക്കുന്നത്. അപ്പം മുറിക്കൽ ശുശ്രൂഷയ്ക്ക് മൂന്ന് ഘടകങ്ങൾ ഉണ്ട്. ഒന്ന്, തിരുശരീരം മുറിക്കുന്ന കർമ്മം. രണ്ട്, തിരുരക്തം കൊണ്ട് തിരുശരീരത്തിൽ കുരിശാകൃതിയിൽ മുദ്രയിടുക (റൂശ്മ). മൂന്ന്, തിരുശരീരം തിരുരക്തത്തിൽ കലർത്തുന്നത്. ഈ സമയത്ത് യേശുക്രിസ്തുവിന്റെ പീഡാനുഭവവും മരണവുമാണ് പ്രധാനമായും അനുസ്മരിക്കുന്നത്. ഖണ്ഡിപ്പിന്റെ ശുശ്രൂഷയിൽ മൂന്ന് പ്രാർത്ഥനകൾ അടങ്ങിയിരിക്കുന്നു. ഒന്ന്, ദിവന്നാസ്യോസ് ബർസലീബിയുടെ പ്രാർത്ഥന. രണ്ട്, സാറൂഗിലെ മാർ യാക്കോബിന്റെ 'നീതിമാനായ പിതാവേ' എന്ന ബോവൂസോ. മൂന്ന്, തിരുശരീരത്തിൽ തിരുരക്തം കലർത്തികൊണ്ടുള്ള മൂന്ന് പ്രാർത്ഥനകൾ എന്നിവ. അപ്പം മുറിച്ച് തിരുരക്തം കൊണ്ട് മുദ്രയിടുന്നതിനെപ്പറ്റി മാർ അപ്രേം പറയുന്നു, "കണ്ടാലും നിന്റെ രൂപം അപ്പത്തിന്മേൽ മുന്തിരിയുടെ രക്തത്താൽ വരയ്ക്കപ്പെടുന്നു. വിശ്വാസത്തിന്റെ വർണ്ണത്താൽ പരിശുദ്ധ റൂഹാ അതിനെ ഞങ്ങളുടെ ഹൃദയങ്ങളിലും വരയ്ക്കുന്നു. സത്യത്തിന്റെ പ്രതിരൂപത്താൽ അവിശ്വാസത്തിന്റെ രൂപത്തെ മായിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു".

മോസസ് ബർ കേഫാ നല്കുന്ന വ്യാഖ്യാനമനുസരിച്ച് കാഴ്ചയപ്പം തന്റെ കൈകളിൽ എടുത്ത് രണ്ടായി മുറിക്കുന്നതുവഴി വചനമായ ദൈവം സത്യമായി ജഡത്തിൽ കഷ്ടതയനുഭവിച്ചെന്നും കുരിശിൽ ബലി കഴിക്കപ്പെട്ടെന്നും മുറിക്കപ്പെട്ടെന്നും

www.malankaralibrary.com


സൂചിപ്പിക്കുന്നു. ഒരു ഭാഗം രക്തത്തിൽ മുക്കി അതുകൊണ്ട് റൂശ്മാ ചെയ്യുന്നതുവഴി ഇത് എന്റെ ശരീരമാകുന്നു' എന്ന് മാളികയിൽ വച്ച് അരുളി ചെയ്തതിനെയും, കുരിശിൽ വച്ച് കുന്തത്താൽ കുത്തപ്പെട്ട അവസരത്തിൽ രക്തവും വെള്ളവും ഒഴുകി ശരീരം രക്തത്താൽ നനഞ്ഞതിനെയും സൂചിപ്പിക്കുന്നു. രക്തം കൊണ്ട് ശരീരത്തെ റൂശ്മാ ചെയ്യുന്നത് ആത്മാവും ശരീരവും തമ്മിലുള്ള ഐക്യത്തെ സൂചിപ്പിക്കുന്നു. വചനത്തിന്റെ ആത്മാവ് തന്റെ ശരീരത്തിൽനിന്ന് വേർപെട്ട ശേഷം വീണ്ടും അതേ ശരീരത്തോട് ചേർന്നു. എന്നാൽ തന്റെ ദൈവത്വം ആത്മാവിൽ നിന്നോ ശരീരത്തിൽ നിന്നോ വേർപിരിഞ്ഞില്ല. വേർപിരിയാൻ സാധിക്കുകയുമില്ല.

ഈ അപ്പം വചനമായ ദൈവത്തിന്റെ ശരീരമാണ്. സർവ്വ ജഢത്തിന്റെയും ജീവൻ രക്തമാണ് (ലേവ്യ. 17,11) എന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെ രക്തം ആത്മാവിന്റെ പ്രതീകമാണ്. രക്തംകൊണ്ട് ശരീരത്തിൽ റൂ ചെയ്ത ശേഷം വൈദികൻ അപ്പത്തിന്റെ രണ്ട് ഭാഗങ്ങളും ഒന്നിച്ച് ചേർത്ത് വയ്ക്കുന്നത് ഇമ്മാനുവേൽ ഏകനാണെന്നും യോജി3ശേഷം ഇരുസ്വഭാവങ്ങളും വേർപിരിയുന്നില്ലെന്ന് സൂചിപ്പിക്കാനും വേണ്ടിയാണ്. ലോകം മുഴുവന്റെയും പാപപരിഹാരത്തിനായാണ് യേശുക്രിസ്തു അർപ്പിക്കപ്പെട്ടത് എന്ന് സൂചിപ്പിക്കാൻ തിരുശരീരമായ അപ്പക്കഷണങ്ങൾ വൃത്താകൃതിയിൽ ഒന്നിച്ച് ചേർക്കുന്നു. എന്തുകൊണ്ടാണ് ശരീരം രക്തം കൊണ്ട് റൂശ്മ ചെയ്യപ്പെടുന്നത്? കാരണം രക്തം ആത്മാവാണ്. അവൻ മരിച്ചവരിൽ നിന്ന് ഉയർത്തപ്പോൾ ആത്മാവ് വന്ന് ശരീരത്തോട് ചേർന്നു.

**കർത്തൃപ്രാർത്ഥനം (The Lord's Prayer)**

ഈശോ പഠിപ്പിച്ച പ്രാർത്ഥനയാണ് ഏറ്റവും ഉദാത്തമായ പ്രാർത്ഥന. അപ്പം മുറിക്കലിനുശേഷം, തിരശ്ശീല നീക്കി ആമുഖ പ്രാർത്ഥനയെ തുടർന്ന് കർത്തപ്രാർത്ഥന ചൊല്ലുന്നു. പാപം മൂലം നഷ്ടപ്പെട്ട പറുദീസ ക്രിസ്തുവിന്റെ പീഡാനുഭവ, മരണ, ഉത്ഥാനത്തിലൂടെ തിരികെ കിട്ടിയതിനെ മറ നീക്കൽ സൂചിപ്പിക്കുന്നു. അതൊടൊപ്പം മറനീക്കൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തു തന്റെ ശ്ലീഹന്മാർക്ക് പ്രത്യക്ഷപ്പെട്ടതിനെയും അർത്ഥമാക്കുന്നു. യേശുക്രിസ്തുവിന്റെ പെസഹാ രഹസ്യത്താൽ ദൈവമക്കളായി തീർന്നവർക്ക് ദൈവത്തെ പിതാവേ എന്നു വിളിക്കുവാനുള്ള സ്വാതന്ത്ര്യം ലഭിച്ചു. അങ്ങനെ ദൈവമക്കളായി തീർന്ന നാം ആത്മര്യത്തോടെ ദൈവത്തെ സ്വർഗ്ഗസ്ഥനായ പിതാവേ എന്ന് വിളിക്കുന്നു (റോമ. 8, 15-16; ഗലാ. 4,6). നമുക്ക് ലഭിച്ചിരിക്കുന്ന പുത്രസ്വീകാര്യത്തിന്റെ പ്രഖ്യാപനമാണ് കർത്തൃപ്രാർത്ഥന. ദിവസേന 3 പ്രാവശ്യം കർത്തൃപ്രാർത്ഥന ചൊല്ലണമെന്ന് ഡിഡാക്കെ പഠിപ്പിക്കുന്നു. വി. കുർബാനയിൽ ഈ പ്രാർത്ഥനയുടെ ഉപയോഗത്തെപ്പറ്റി ആദ്യമായി എഴുതുന്നത് ജറുസലേമിലെ മാർ കൂറിലോസാണ് (Cyril of Jerusalem). മാമോദീസായ്ക്ക് ഒരുങ്ങുന്നവരെ അദ്ദേഹം ഇത് പഠിപ്പിച്ചിരുന്നു. വി.ജോൺ ക്രിസോസ്റ്റമും (John Chrysostom), ജറുസലേമിലെ മാർ കൂറിലോസും വി. കുർബാന സ്വീകരിക്കുന്നതിന് ഒരുക്കമായുള്ള പ്രാർത്ഥനയായാണ്

www.malankaralibrary.com


കർത്തൃപ്രാർത്ഥനയെ വ്യാഖ്യാനിക്കുക. ക്രിസ്തീയ സഭകളുടെ കുടുംബ പ്രാർത്ഥന എന്നാണ് ജറുസലേമിലെ കൂറിലോസ് ഇതിനെ വിശേഷിപ്പിക്കുക. മാമോദീസ സ്വീകരിച്ച് ക്രിസ്ത്യാനികളുടെ വലിയ അവകാശമാണ് കർത്തൃപ്രാർത്ഥന. കാരണം മാമോദീസായിലൂടെ ലഭിച്ച പരിശുദ്ധാത്മാവിന്റെ കൃപയാലാണ് നാം ദൈവത്തെ ആബാ പിതാവേ' എന്ന് വിളിക്കുക.

**ആശീർവാദ പ്രാർത്ഥന (Trinitarian Blessing)**

കർത്തൃപ്രാർത്ഥനയ്ക്കു ശേഷമുള്ള പ്രാർത്ഥനയിൽ, കാർമികൻ പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ എന്ന് പ്രാർത്ഥിക്കുന്നു. തുടർന്ന് ക്രിസ്തു ഉയിർത്തെഴുന്നേറ്റതിനുശേഷം ശിഷ്യന്മാർക്ക് ആശംസിക്കുന്നു. പ്രത്യക്ഷപ്പെട്ടതിനെ അനുസ്മരിച്ച് സമാധാനം.

തുടർന്ന് വി. കുർബാന കൈക്കൊള്ളുന്നവർക്കുവേണ്ടി അനുഗ്രഹത്തിനുള്ള പ്രാർത്ഥന ചൊല്ലുന്നു. തുടർന്ന് വീണ്ടും സമാധാനം ആശംസിക്കുന്നു. തുടർച്ചയായുള്ള സമാധാന ആശംസകളുടെ അർത്ഥംഉയിർപ്പിനുശേഷം മിശിഹാ പല പ്രാവശ്യം പ്രത്യക്ഷപ്പെട്ട് ശിഷ്യന്മാർക്ക് സമാധാനം ആശംസിച്ചതിനെ സൂചിപ്പിക്കുന്നു. അനന്തരം ത്രിത്വത്തിന്റെ നാമത്തിലുള്ള ആശീർവാദമാണ്. ഏഴു സവിശേഷതകളാണ് ഇതിൽ ത്രിത്വത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. 1. വിശുദ്ധിയും 2. മഹത്വവും ഉള്ളതും 3. സൃഷ്ടിയല്ലാത്തതും 4. ഉൺമയായതും 5. ആദ്യന്തമില്ലാത്തതും 6. വന്ദിക്കത്തക്കതും 7. സാരാംശത്തിൽ ഒന്നായിരിക്കുന്നതിത്വം. ഈ ആശീർവാദം നമ്മുടെ മിശിഹാതമ്പുരാൻ സ്വർഗ്ഗാരോഹണത്തിനു മുമ്പ് അപ്പസ്തോലന്മാരെ ഒലിവു മലയിൽ കൊണ്ടുപോയി കൈകൾ ഉയർത്തി അനുഗ്രഹിച്ചതിനെ സൂചിപ്പിക്കുന്നു (ലൂക്കാ 24,50).

**വിശുദ്ധ രഹസ്യങ്ങളുടെ ആഘോഷം (Elevation of the Sacred Mysteries)**

തിരുശരീരവും തിരുരക്തവും ഉയർത്തി ആഘോഷിക്കുന്നത് കർത്താവിന്റെ സ്വർഗ്ഗാരോഹണത്തെ സൂചിപ്പിക്കുന്നു. കാർമ്മികന്റെ ഇരുവശങ്ങളിലും മെഴുകുതിരി കത്തിച്ച് പിടിക്കുന്ന ശുശ്രൂഷകന്മാർ, കർത്താവിന്റെ സ്വർഗ്ഗാരോഹണ സമയത്ത് ഇരുവശങ്ങളിലുമായി നിന്ന മാലാഖമാരെ സൂചിപ്പിക്കുന്നു (അപ്പ. 1,10).

'വിശുദ്ധ രഹസ്യങ്ങൾ വിശുദ്ധിയും വെടിപ്പുമുള്ളവർക്ക് നല്കപ്പെടുന്നു' എന്ന പ്രാർത്ഥനയ്ക്ക് മറുപടിയായി പിതാവും പുത്രനും പരിശുദ്ധാത്മാവും അല്ലാതെ പരിശുദ്ധൻ ഇല്ല എന്ന് ചൊല്ലിക്കൊണ്ട് വിശ്വാസികൾ തങ്ങളുടെ ബലഹീനത ഏറ്റുപറയുന്നു. പരിശുദ്ധ ത്രിത്വത്തിന്റെ സജീവ സാന്നിധ്യം നിറഞ്ഞു നില്ക്കുന്ന സമയമാണിത്.

**വിശുദ്ധരോടുള്ള സംസർഗം (കുക്കിലിയോൻ - Communion with the Saints)**

സമര സഭയും വിജയ സഭയും പ്രാർത്ഥനയിൽ ഐക്യപ്പെടുന്ന മുഹൂർത്തമാണിത്. പരി. ത്രിത്വത്തോട് ഏറ്റവും അധികം സംസർഗ്ഗത്തിലായിരിക്കുന്നവരാണ് വിശുദ്ധർ. തിരുസഭയുടെ പൈതൃകമാണ് വിശുദ്ധരോടുള്ള മാദ്ധ്യസ്ഥം. മരിച്ചുപോയവരും

www.malankaralibrary.com


ജീവിക്കുന്നവരുമായ എല്ലാ വിശ്വാസികളും ചേർന്നാണ് വി. കുർബാന അർപ്പിക്കുന്നത്. അതിനാൽ ദൈവമാതാവിനെയും വിശുദ്ധരെയും പരേതരെയും വി. കുർബാനയിൽ നാം അനുസ്മരിക്കുന്നു. അതിനാൽ നമ്മുടെ പ്രാർത്ഥനയോടൊപ്പം വിശുദ്ധരുടെ പ്രാർത്ഥനയും ദൈവസന്നിധിയിലേക്ക് ഉയരുന്നു. ഇതിന്റെ പ്രതീകമായാണ് വി. കുർബാനയോടൊപ്പം ധൂപാർപ്പണത്തോടുകൂടി കുക്കിലിയോൻ ചൊല്ലുന്നത്. കുക്കിലിയോൻ എന്ന വാക്കിന്റെ അർത്ഥംവൃത്തം എന്നാണ് സങ്കീർത്തനങ്ങളുടെ മധ്യേ ഹാലേലുയ്യാ എന്ന് ചേർത്ത് പാടുന്ന രീതിയാണ് കുക്കിലിയോനിലുള്ളത്. പരിശുദ്ധ ദൈവമാതാവ്, വിശുദ്ധർ, പരേതരായ ആചാര്യന്മാർ, പരേതരായ വിശ്വാസികൾ, വി. കുരിശ് എന്നിങ്ങനെ അഞ്ച് കുക്കിലിയോനാണ് ഉള്ളത്. കുക്കിലിയോനുകൾ വി. കുർബാനയുടെ അത്യന്താപേക്ഷിത ഭാഗമല്ല.

**തിരുശരീര രക്തങ്ങൾ വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം (**Solemn Procession of the Holy Mysteries**)**

ദിവ്യകാരുണ്യ ആശീർവാദത്തിന്റെ സമയമാണിത്. കുക്കിലിയോനു ശേഷം പുരോഹിതൻ വീണ്ടും ജനത്തോട് പ്രാർത്ഥനാ സഹായം അപേക്ഷിക്കുകയും, തുടർന്ന് ത്രോണോസിന്റെ മുമ്പിൽ കുമ്പിട്ട് രഹസ്യമായി പ്രാർത്ഥിക്കുമ്പോൾ മദ്ബഹാ മറയിട്ട് മറയ്ക്കുന്നു. മിശിഹാ സ്വർഗ്ഗാരോഹണത്തിന് ശേഷം പിതാവിന്റെ വലത് വശത്ത് ഉപവിഷ്ടനായതിനെ ഇത് സൂചിപ്പിക്കുന്നു (ലൂക്കാ 24,51). ഈ സമയം വൈദികൻ വി. കുർബാന സ്വീകരിക്കുന്നു. തിരുശരീരരക്തങ്ങൾ എടുത്ത് പടിഞ്ഞാറോട്ട് നടത്തുന്ന ആഘോഷമായ എഴുന്നള്ളിപ്പ് മിശിഹായുടെ രണ്ടാം വരവിന്റെ പ്രതീകമാണ്. കാഹള നാദത്തോടുകൂടെ വാനമേഘങ്ങളിൽ കർത്താവിന്റെ രണ്ടാം വരവിൽ (മത്താ. 24,29-31) ഉണ്ടാകുന്ന ആർപ്പുവിളി (മത്താ.25,6) മണികളുടെയും മർബഹാസകളുടെയും ശബ്ദം മുഴങ്ങുന്നതിനെ സൂചിപ്പിക്കുന്നു. തുടർന്നുള്ള മറ തുറക്കൽ കർത്താവിന്റെ രണ്ടാം വരവിൽ സ്വർഗ്ഗം തുറക്കപ്പെടുന്നതിനെ സൂചിപ്പിക്കുന്നു. വി. കുർബാനയുടെ പ്രദക്ഷിണം, വി. കുർബാനയുടെ ആരാധന, വി.കുർബാനയുടെ ആശീർവാദം എന്നീ ഘടകങ്ങൾ അടങ്ങുന്നതാണ് വി. കുർബാനയുടെ എഴുന്നള്ളിപ്പ്, വി. കുർബാന യാഗം മാത്രമല്ല, വിരുന്നു കൂടിയാണ്. മണവാളനായ ക്രിസ്തുവിനോടുകൂടി മണവാട്ടിയായ സഭ സ്വർഗ്ഗരാജ്യമാകുന്ന മണവറയിലെ വിരുന്നിൽ പങ്കാളിയാകുന്നതിന്റെ സൂചനയാണിത് സ്വർഗ്ഗീയ മണവാളനായ ക്രിസ്തുമണവാട്ടിയായ സഭയ്ക്കുവേണ്ടി സ്വന്തം ശരീരരക്തങ്ങൾ കൊണ്ട് ഒരുക്കിയ വിരുന്നാണിത് (വെളി. 19, 9). കാസായും പീലാസായും വഹിക്കുന്ന ഇരുകൈകൾ മുൻപോട്ട് നീട്ടി വടക്കോട്ടും തെക്കോട്ടുമായി മാറ്റുന്നത് നന്മ ചെയ്യുന്നവരെ വലത്തോട്ടും തിന്മ ചെയ്യുന്നവരെ ഇടത്തോട്ടും മാറ്റും എന്ന് സൂചിപ്പിക്കുന്നു.

**വിശുദ്ധ കുർബാന സ്വീകരണം (The Distribution of Sacred Species)**

വി. കുർബാന യേശുക്രിസ്തു വിശ്വാസികൾക്ക് ഒരുക്കുന്ന വിരുന്നാണ്.

www.malankaralibrary.com


കർത്താവിന്റെ ശരീരവും രക്തവുമാകുന്ന തീക്കട്ട (Livecoal) എന്ന് വി. കുർബാനയെ വിശേഷിപ്പിക്കുന്നത് ഏശയ്യാ പ്രവാചകന്റെ അധരങ്ങൾ ശുദ്ധമാക്കപ്പെട്ട തീക്കട്ടയെ സൂചിപ്പിച്ചാണ് (ഏശ. 6, 6-7). അമർത്യതയുടെ ലേപനമായ വി. കുർബാന കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനുമായി വിശ്വാസികൾക്ക് നല്കപ്പെടുന്നു,

അന്ത്യോക്യയിലെ വി. ഇഗ്നാത്തിയോസ് (12 നൂറ്റാണ്ട്) അമർത്യതയുടെ ഔഷധമെന്നും, മാർ അപ്രേം (നാലാം നൂറ്റാണ്ട് ജീവന്റെ ഔഷധമെന്നും, മാർ നർസായി (56 നൂറ്റാണ്ട്) കരുണയുടെ ഔഷധമെന്നും, വി. അഗസ്തീനോസ് (45 നൂറ്റാണ്ട്) ഐക്യത്തിന്റെ കൂദാശയെന്നും വി. കുർബാനയെ വിളിക്കുന്നു.

**കൃതജ്ഞതാപ്രാർത്ഥന, ഹൂത്തോമ്മോ, സമാപന ആശീർവ്വാദം**

വി. കുർബാന അനുഭവിച്ചതിനുശേഷം രണ്ട് പ്രാർത്ഥനകൾ ദൈവത്തിന്റെ കരുണയ്ക്ക് നന്ദി പറഞ്ഞുകൊണ്ട് നടത്തുന്നു. രണ്ടാമത്തെ പ്രാർത്ഥന ക്രിസ്തുവിനെ സംബോധന ചെയ്തുകൊണ്ടുള്ളതാണ്.

ഹൂത്തോമൊ എന്ന പദത്തിനർത്ഥം മുദ്രവയ്ക്കൽ എന്നാണ്. ഹൂത്തോമൊ ഗീതങ്ങൾ തിരുന്നാളുകൾക്ക് അനുസരിച്ച് മാറി പാടുന്നു.

ഹൂത്തോമൊ ഗീതം ചൊല്ലിയശേഷം അവസാനത്തെ ആശീർവാദം നൽകി വിശ്വാസികളെ പരിശുദ്ധ ത്രിത്വത്തിന്റെ കൃപയ്ക്കും അനുഗ്രഹങ്ങൾക്കും ഭരമേല്പിച്ചാണ് കാർമ്മികൻ പറഞ്ഞയക്കുന്നത്. ഇത് സൂചിപ്പിക്കുന്നത്, കൗദാശിക ബലി സമാപിക്കുകയാണ് എന്നാൽ യഥാർത്ഥ ബലി തുടരുകയാണെന്നാണ്.

**വിശുദ്ധീകരണത്തിന്റെ ബലിപീഠമേ സമാധാനത്തോടെ വസിക്കുക**

വിശ്വാസികൾ എന്റെ കടങ്ങളശേഷം നിൻ' എന്ന ഗീതം പാടുമ്പോൾ കാർമ്മികൻ രഹസ്യത്തിൽ സമാപന പ്രാർത്ഥനകൾ ചൊല്ലുകയും മരിച്ചവരുടെ ക്രമം നടത്തുകയും ചെയ്യുന്നു. സ്വർഗ്ഗത്തിലേക്കുള്ള തീർത്ഥയാത്രയിലാണ് ഓരോ വിശ്വാസിയും എന്ന യാഥാർത്ഥ്യം ഇത് സൂചിപ്പിക്കുന്നു. വി. ലൂക്കാ സുവിശേഷകൻ നല്കുന്ന വിവരണമനുസരിച്ച് ഈശോയുടെ ജീവിതം മുഴുവൻ ഒരു തീർത്ഥാടനമായിരുന്നു. സമുദ്ര നിരപ്പിനെക്കാൾ 690 അടി താഴ്ചയുള്ള ഗലീലിയിൽ നിന്ന് 2500 അടി മുകളിലുള്ള ജറുസലേമിലേക്കുള്ള യാത്ര. ആ യാത്രയുടെ പൂർത്തീകരണമാണ് ബലിയർപ്പണം. ഇവിടെ വിശ്വാസികളും ദൗത്യവാഹകരായി ജീവിത വഴികളിലേക്ക് യാത്ര തിരിക്കുന്നു. വി. കുർബാനയാണ് ഈ ജീവിത യാത്രയിൽ അവരെ ശക്തിപ്പെടുത്തുന്ന പാഥേയം.



www.malankaralibrary.com

# ദിവ്യകാരുണ്യ കോൺഗ്രസിനെ തുടർന്ന് പത്തനംതിട്ട രൂപതയിൽ നടപ്പാക്കാനാഗ്രഹിക്കുന്ന കാര്യങ്ങൾ

1. ഞായറാഴ്ച കർത്താവിന്റെ ദിവസമാണ്. അത് പരിശുദ്ധമായി ആചരിക്കണം. അതിനായി ശനിയാഴ്ച വൈകുന്നേരം സന്ധ്യാപ്രാർത്ഥന മുതൽ ഒരുങ്ങുക. ബഹുമാനപ്പെട്ട അച്ചന്മാർ താമസിക്കുന്ന പള്ളികളിലെങ്കിലും ശനിയാഴ്ച വൈകിട്ട് ജനപങ്കാളിത്തത്തോടെ സന്ധ്യാപ്രാർത്ഥന നടത്തുക.
2. ശനിയാഴ്ച വൈകുന്നേരം ഒരു മണിക്കൂർ വിശുദ്ധ മണിക്കൂറായി ആചരിക്കാനുള്ള നമ്മുടെ രൂപതാധ്യക്ഷന്റെ നിർദ്ദേശം എല്ലാ കുടുംബങ്ങളിലും നടപ്പാക്കാൻ പരിശ്രമിക്കുക.
3. അനുദിന ദിവ്യബലിയർപ്പണമുള്ള പള്ളികളിൽ ഒരു കുടുംബത്തിൽ നിന്ന് ഒരാളെങ്കിലും ദിവ്യബലിയിൽ സംബന്ധിക്കുക. വിശുദ്ധ കുർബാന സമയത്ത് പള്ളി ഓഫീസുകൾ പ്രവർത്തിക്കാതിരിക്കുക.
4. കുടുംബബന്ധങ്ങളിൽ ഹൃദ്യത നിലനിർത്താൻ സഹായകമാകുന്ന പോസിറ്റീവ് അന്തരീക്ഷം ഭവനങ്ങളിൽ നിലനിർത്തുക.
5. പ്രാർത്ഥനാ കൂട്ടായ്മകളിലുള്ള സജിവ ഭാഗഭാഗിത്വം ഉറപ്പ് വരുത്തുക.
6. ദൈവവിളികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് ഉചിതമായ പദ്ധതികൾ വിഭാവനം ചെയ്യുക.
7. ദിവ്യകാരുണ്യാരാധനകൾ മാസത്തിലൊരിക്കലെങ്കിലും എല്ലാ പള്ളികളിലും ക്രമീകരിച്ച് വി.കുർബാനയിൽ അധിഷ്ഠിതമായ ആധ്യാത്മികത വളർത്തുക.
8. വി.കുർബാനയുടെ അനുഭവമുള്ള ജീവിതം നയിക്കാൻ ശ്രമിക്കുക. വേദനകളിലും രോഗങ്ങളിലും കുർബാനയിൽ നിന്ന് ശക്തി സ്വീകരിച്ച് പ്രതിസന്ധികളെ അതിജീവിക്കുന്ന ശൈലി രൂപപ്പെടുത്തുക.
9. വിശുദ്ധരുടെ ജീവിതം മക്കളെ പഠിപ്പിക്കുകയും തദനുസരണം ജീവിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യുക.
10. മദ്യപാനം, ലഹരി, മൊബൈൽ, സോഷ്യൽ മീഡിയ, തെറ്റായ ബന്ധങ്ങൾ തുടങ്ങി വിവിധ ആസക്തികളുള്ള കുഞ്ഞുങ്ങളെയും ചെറുപ്പക്കാരെയും സഹായിക്കാനും വി.കുർബാനയുടെ സന്നിധിയിലേക്ക് കൊണ്ടുവന്ന് പരിഹാരം നല്കാനും കൂട്ടായ പ്രവർത്തനമുണ്ടാവുക.

www.malankaralibrary.com

